# പുതുക്കാട് ഗ്രാമപഞ്ചായത്ത്

# അന്തിമ അവസ്ഥാരേഖ
# 2026 - 27



## പുതുക്കാട് ഗ്രാമപഞ്ചായത്ത്

# അന്തിമ അവസ്ഥാരേഖ

# 2026 - 27

# ആമുഖം



14-ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കുന്നതിനു മുന്നോടിയായി പുതുക്കാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ അവസ്ഥാരേഖ ബഹുജനസമക്ഷം സവിനയം സമർപ്പിക്കുന്നു. ഭരണഘടനയുടെ 73,74 ഭേതഗതികളിലൂടെ മുകൾത്തട്ടിലെ അധികാരം വികേന്ദ്രീകരിക്കപ്പെടണമെന്നതു സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുകയും, സാധാരണ ജനങ്ങളെ ആസൂത്രണ പ്രക്രിയയുടെ ഭാഗമാക്കാൻ കഴിയുകയും ചെയ്തു. പാർശ്വവത്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ സാമൂഹിക വളർച്ചയിൽ താഴെ തട്ടിലുള്ള ആസൂത്രണ പ്രക്രിയ്ക്ക് ഏറെ പ്രാധാന്യമുണ്ടെന്നും, ഏതൊക്കെ വഴികളിലൂടെ മുന്നേറുവാൻ സാധിച്ചാലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാർത്ഥ വികസനം കൈവരിക്കുവാൻ കഴിയുകയെന്നും ബോധ്യമായി. അടിസ്ഥാന ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക - രാഷ്ട്രീയ പങ്കാളിത്തം ഇനിയും ഉയർന്നു വരേണ്ടതുണ്ട് എന്ന് കഴിഞ്ഞകാല ആസൂത്രണ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. നൂതനവികസന കാഴ്ചപ്പാടുകളെ കൂടുതുലായി ജനാധിപത്യ വത്ക്കരിച്ചും, പുതിയ വികസന മാതൃക സൃഷ്ടിച്ചെടുത്തും ഭാവി ആസൂത്രണ പ്രക്രിയയെ നമ്മുക്ക് ശക്തിപ്പെടുത്താം. പുതുക്കാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തയ്യാറാക്കിയ അവസ്ഥാരേഖയിൽ അടുത്ത അഞ്ചു വർഷകാലത്തെ പദ്ധതി പ്രവർത്തനങ്ങളുടെ വ്യക്തമായ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമാർജ്ജനത്തിനും, കാർഷിക മേഖലയുടെ വളർച്ചയ്ക്കും, ജലസേചന പദ്ധതികൾക്കും, മാലിന്യ സംസ്കരണത്തിനും, പശ്ചാത്തല സൗകര്യ വികസനത്തിനും മുന്തിയ പരിഗണന നൽകികൊണ്ടുള്ള ദീർഘകാല പദ്ധതികൾ ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

അവസ്ഥാരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും വിവരങ്ങളും നൽകി സഹായിച്ച ഏവരേയും കൃതഞ്ജതയോടെ ഓർക്കുന്നു. ദിശാബോധത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ വികസന സാധ്യതകളുടെ പുതിയ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് 14-ാം പഞ്ചവത്സര പദ്ധതി പ്രവർത്തങ്ങൾക്ക് നമ്മുക്കൊരുമിച്ച് നേതൃത്വം നൽകാം.



രതി ബാബു
പ്രസിഡന്റ്
പുതുക്കാട് ഗ്രാമപഞ്ചായത്ത്

# ആശംസ



വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നാടിന്റെ വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകാൻ തുടങ്ങിയതോടെ പ്രാദേശിക വികസനത്തെ കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് ശരിയായ ദിശയിലേക്ക് നീങ്ങിത്തുടങ്ങി. ഒരു പ്രദേശത്തിന് ആവശ്യമായ വികസന പദ്ധതികൾ ആ പ്രദേശത്തെ ജനങ്ങൾ തന്നെ തീരുമാനിക്കുന്ന സ്ഥിതിയുണ്ടായി.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പുതുക്കാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ അവസ്ഥാരേഖയിലെ സൂചികകൾ പ്രാദേശിക വികസന കാഴ്ചപ്പാടുകളിലെ നമ്മുടെ പുതിയ ദിശകളെ ചൂണ്ടിക്കാണിക്കുന്നവയാണ്. നാടിന്റെ പുരോഗമനപരമായ മാറ്റങ്ങൾക്ക് പ്രാപ്തമാക്കുന്ന നൂതന പരിപാടികളും പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപ്പു പഞ്ചവത്സരപദ്ധതിക്കാലത്ത് നമുക്ക് കഴിയേണ്ടതുണ്ട്. വിവിധ മേഖലകളിലെ മുന്നേറ്റങ്ങൾക്കൊപ്പം സ്ത്രീ ശാക്തീകരണത്തിനും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന പദ്ധതികൾ ഇക്കാലയളവിൽ മുൻഗണന നൽകി നടപ്പിലാക്കും.

അവസ്ഥാരേഖ തയ്യാറാക്കിയ അണിയറ പ്രവർത്തകർ നിരവധിയാണ്. ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യാഗസ്ഥർ ആസൂത്രണ സമിതി അംഗങ്ങൾ എന്നിവർ തുടങ്ങി അങ്കണവാടി ടീച്ചർമാരും, ആശാ– കുടുംബശ്രീ പ്രവർത്തകരും ഇതിൽ ഉൾപ്പെടും. ഏവരും അഭിനന്ദനം അർഹിക്കുന്നു... ഒപ്പം ഹൃദയം നിറഞ്ഞ ആശംസകളും.

**കെ.ജെ. ജോജു**

വൈസ് പ്രസിഡന്റ്

പുതുക്കാട് ഗ്രാമപഞ്ചായത്ത്



# ആശംസ

2022 - ന്റെ തുടക്കത്തിൽ തന്നെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പുതുക്കാട് ഗ്രാമപഞ്ചായത്ത് അവസ്ഥാരേഖ തയ്യാറാക്കുമ്പോൾ പുതുചരിത്രം രചിക്കുന്നതിന്റെ ഭാഗമാകാൻ നേതൃത്വം നൽകി എന്നതും വാക്കുകൾക്കപ്പുറം എന്നതിലുപരി ഒരു ജനപ്രതിനിധി എന്ന നിലയിൽ വളരെരയധികം സന്തോഷവും, അഭിമാനവും നൽകിയ നിമിഷങ്ങൾക്ക് പുതുക്കാട് എന്തായിരുന്നു എന്നും, ഇന്ന് എന്താണ് എന്നും വ്യക്തമാക്കിയാണ് അവസ്ഥാരേഖ മുന്നോട്ട് പോകുന്നത്. ഏതൊരാൾക്കും മനസ്സിലാകും വിധം ലളിതമായിട്ടാണ് അവസ്ഥരേഖ തയ്യാറാക്കിയിരിക്കുന്നത്. കർഷകരുടെയും, തൊഴിലാളികളുടെയും വിയർപ്പിന്റെ ഗന്ധവും, കുടുംബശ്രീ അംഗങ്ങളുടെയും, ആശാപ്രവർത്തകരുടെയും കഠിനദ്ധ്വാനവും - ഈ നാടിന്റെ അനുഭവങ്ങളാണ് - ഈ നാടിന്റെ സമഗ്രമായ ഈ അവസ്ഥാരേഖ തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ചവരെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. ഇത് വരും തലമുറക്ക് അറിയാനും, പ്രവർത്തിക്കാനും പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

14-ാം പഞ്ചത്സര പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയവരേയും പുതുക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ അവസ്ഥാരേഖ തയ്യാറാക്കിയിരിക്കുകയാണ്. കഴിഞ്ഞകാല പദ്ധതി പ്രവർത്തനങ്ങൾ വഴി നമ്മുടെ പഞ്ചായത്തിൽ കൈവരിച്ചിട്ടുള്ള പുരോഗതിയും പോരായ്മയ്ക്കും സവിസ്തരം പ്രതിപാദിക്കുന്നു. വരും കാലങ്ങളിൽ പുതുക്കാടിന്റെ മുഖഛായ ഇനിയും മാറുന്നതിനു വേണ്ടി വരും കാല പദ്ധതികൾക്ക് രൂപം നൽകാൻ നമ്മുക്ക് കൂട്ടായി പ്രവർത്തിക്കാം.

ഈ അവസ്ഥാരേഖ ഭാവിതലമുറക്ക് ഒരു പഠനപ്രഥമാകട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം

**ജോളി ചുക്കിരി**
ചെയർപേഴ്സൺ
വികസന സ്റ്റാന്റിംങ്ങ് കമ്മിറ്റി
പുതുക്കാട് ഗ്രാമപഞ്ചായത്ത്



# ആശംസ

പഞ്ചായത്ത് രാജ് നിയമവും ജനകായാസൂത്രണ പ്രസ്ഥാനവുംനടപ്പിലാക്കിയ ഒരു സംസ്ഥാനം എന്നനിലയ്ക്ക് ത്രിതല പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളുമായിപ്രവർത്തിച്ചു വരുന്ന ഘട്ടത്തിലാണ്. പതിനാലം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കഴിഞ്ഞ 25 വർഷത്തെ ജനപങ്കാളിത്ത പ്രവർത്തനങ്ങൾ വഴി നല്ല പുരോഗതിയും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ 1996ൽ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി ആരംഭിക്കുമ്പോൾ നടത്തിയതുപോലുള്ള ഒരു അവസ്ഥ പരിശോധന പിന്നീട് ഇതുവരെ നടന്നിട്ടില്ല. നമ്മുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ നേട്ടങ്ങളും പോരായ്മകളും പരിശോധിക്കേണ്ടത് ആവശ്യമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് പുതുക്കാട് പഞ്ചായത്ത് അവസ്ഥാരേഖ തയ്യാറാക്കി പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. സമഗ്രമായ അവസ്ഥ രേഖ തയ്യാറാക്കുന്നതിന് പ്രവർത്തിച്ച പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ,നിർവ്വഹണ ഉദ്യാഗസ്ഥർ, ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ, കുടുംബശ്രീ CDS, ADS കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. 2018 – 2019 വർഷങ്ങളിലെ പ്രളയത്തിന്റെയും തുടർന്ന് മൂന്ന് ഘട്ടങ്ങളിലായി ഉണ്ടായ കോവിഡ് –19 മഹാമാരിയുടെയും അനന്തര ഫലങ്ങളുടെ അനുഭവത്തിൽ നിന്നും ഒരു ഉയർത്തെഴുന്നേൽപ്പിനാവശ്യമായ സുസ്ഥിര വികസന പദ്ധതികളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ളത്. ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏവരുടെയും സഹായസഹകരണം അഭ്യർത്ഥിച്ചുകൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

**രാജു തളിയപറമ്പിൽ**
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

# ആശംസ



പഞ്ചായത്തീരാജ് –നഗര പാലിക്കാ ബില്ല് ഇന്ത്യൻ പാർലിമെന്റ് പാസ്സാക്കിയ ചരിത്ര മുഹൂർത്തം രാഷ്ട്രപിതാവായ മഹാത്മജിയുടെ ഗ്രാമ സ്വരാജ് എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു.

1996 മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പ്രദേശികമായ ആവശ്യങ്ങൾ മനസ്സിലാക്കികൊണ്ട് അതിലലുയോജ്യമായലപദ്ധതികൾ രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളുമായി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്നത് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

കഴിഞ്ഞ 25 വർഷമായ ഓരോപഞ്ചവത്സര പദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി കൊണ്ടാകണം 14–ാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കേണ്ടത്. 2018–19 കാലഘട്ടത്തിൽ ഉണ്ടായ പ്രളടത്തിനേയും, ലോകംമുഴുവൻ ആഞ്ഞടിച്ച കോവിഡ്–19 മഹാമാരിയേയും അതിജീവിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്തിലും വികസനക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. കോവിഡ്–19 മഹാമാരിയെ പ്രതിരോധിക്കുന്നതിനും പ്രതിരോധകുത്തിവെപ്പ് 100% ആകുന്നതിനും,ആയുർവേദ,ഹോമിയോ ഉൾപ്പെടെ ആരോഗ്യമേഖലയിലെ പ്രവർത്തകരും ആശാവർക്കർമാരും വഹിച്ച പങ്ക് പ്രശംസനീയമാണ്.

ഈ അവസ്ഥാരേഖ തയ്യാറാക്കുന്നതിന് നേതൃത്വം നല്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. പഞ്ചായത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇതൊരു ചൂണ്ടുപലകയാകട്ടെ എന്ന് ആശംസിക്കുന്നു.

**ശ്രീജ കെ. ജി.**
ചെയർപേഴ്സൺ
ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി

# പുതുക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



രതി ബാബു
പ്രസിഡൻ്റ് ( വാർഡ് - 9)



കെ. ജെ. ജോജു
വൈസ് പ്രസിഡൻ്റ്
(വാർഡ് - 15)



ജോളി ചുക്കിരി
ചെയർപേഴ്സൺ
വികസന സ്റ്റാൻ്റിംഗ് കമ്മിറ്റി
(വാർഡ് - 2)



രാജു തളിയപറമ്പിൽ
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി
(വാർഡ് - 8)



ശ്രീജ കെ. ജി.
ചെയർപേഴ്സൺ ആരോഗ്യം
വിദ്യാഭ്യാസം സ്റ്റാൻ്റിംഗ് കമ്മിറ്റി
(വാർഡ് - 6)



ബീന ഷാബു
(മെമ്പർ വാർഡ് - 1)



സിജു പയ്യപ്പിള്ളി
(മെമ്പർ വാർഡ് - 3)



സുനിത ശശി
മെമ്പർ വാർഡ് -4



ജയൻ ടി ജോൺ
മെമ്പർ വാർഡ് - 5



സതി രജീഷ്
മെമ്പർ വാർഡ് - 7



മനീഷ പി. എസ്.
മെമ്പർ വാർഡ് -10



ലിനി ബിജു
മെമ്പർ വാർഡ് - 11



ഉണ്ണികൃഷ്ണൻ കെ.കെ.
(ബേബി കീടായിൽ)
മെമ്പർ വാർഡ് -12



ജോയ് മഞ്ഞളി
മെമ്പർ വാർഡ് - 13



ജോഷി ജോയ്
മെമ്പർ വാർഡ് - 14



ശരത് പി വി
മെമ്പർ വാർഡ് - 16




സൗമ്യ എസ്.
മെമ്പർ വാർഡ് - 17

# ജനപ്രതിനിധികൾ



സുരേഷ് ഗോപി
ബഹു. എം.പി.



കെ.കെ. രാമചന്ദ്രൻ
ബഹു. എം.എൽ.എ.



മേരി തോമസ്
പ്രസിഡന്റ്, ജില്ല പഞ്ചായത്ത്



അശ്വതി വിബി
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്



ഷീല ജോർജ്ജ്
(ചെയർപേഴ്സൺ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി
ജില്ല പഞ്ചായത്ത്)



കെ.ജെ. ഡിക്സൺ
(മെമ്പർ ജില്ല പഞ്ചായത്ത്)




അമ്പിളി വേണു
(മെമ്പർ ജില്ല പഞ്ചായത്ത്)



ഷിന്റു സിനോജ്
(മെമ്പർ ബ്ലോക്ക് പഞ്ചായത്ത്)



ബിനിൽ പി.എസ്
(മെമ്പർ ബ്ലോക്ക് പഞ്ചായത്ത്)



ഷാജു കാളിയേങ്കര
(മെമ്പർ ബ്ലോക്ക് പഞ്ചായത്ത്)



പി.സി. സുബ്രൻ
(മെമ്പർ ബ്ലോക്ക് പഞ്ചായത്ത്)

# വാർഡുകളും പ്രതിനിധികളും

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പറുടെ പേര് | സംവരണ മണ്ഡലങ്ങൾ |
|---|---|---|---|
| I | വടക്കെ തൊറവ് | ബീന ഷാബു | എസ് സി വനിത |
| II | പുതുക്കാട് | ജോളി ചുക്കിരി | വനിത |
| III | പവർസ്റ്റേഷൻ | സിജു പയ്യപ്പിള്ളി | ജനറൽ |
| IV | കാഞ്ഞൂർ | സുനന്ദ ശശി | വനിത |
| V | കണ്ണമ്പത്തൂർ | ജയൻ ടി ജോൺ | ജനറൽ |
| VI | സ്നേഹപുരം | ശ്രീജ രാജേഷ് | വനിത |
| VII | വളഞ്ഞൂപ്പാടം | സതി രജീഷ് | എസ് സി വനിത |
| VIII | ശാന്തി നഗർ | രാജു തളിയപറമ്പിൽ | ജനറൽ |
| IX | സൂര്യഗ്രാമം | രതി ബാബു (പ്രസിഡന്റ്) | വനിത |
| X | ചെങ്ങാലൂർ | മനീഷ പി.എസ് | എസ് സി വനിത |
| XI | കുണ്ടുകടവ് | ലിനി ബിജു | വനിത |
| XII | എസ്.എൻ പുരം | ഉണ്ണികൃഷ്ണൻ കെ.കെ (ബേബി കീടായിൽ) | ജനറൽ |
| XIII | രണ്ടാംകല്ല് | ജോയ് മഞ്ഞളി | ജനറൽ |
| XIV | ചാക്കോച്ചിറ | ജോഷി ജോയ് | ജനറൽ |
| XV | കുറുമാലി | കെ.ജെ. ജോജു | ജനറൽ |
| XVI | തെക്കേതൊറവ് | ശരത് പി. വി. | ജനറൽ |
| XVII | ബ്ലോക്ക് ഓഫീസ് | സൗമ്യ എസ് | വനിത |

| | | | | |
|---|---|---|---|---|
| പാർലമെന്റ് നിയോജകമണ്ഡലം | : | തൃശ്ശൂർ | പ്രതിനിധി | : ശ്രീ. സുരേഷ് ഗോപി |
| അസംബ്ലി നിയോജകമണ്ഡലം | : | പുതുക്കാട് | പ്രതിനിധി | : കെ.കെ.രാമചന്ദ്രൻ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പറപ്പൂക്കര | പ്രതിനിധി | : അമ്പിളി വേണു |
| ഡിവിഷൻ | : | കൊടകര | പ്രതിനിധി | : കെ.ജെ. ഡിക്സൺ |
| ഡിവിഷൻ | : | ആമ്പല്ലൂർ | പ്രതിനിധി | : ഷീല ജോർജ്ജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | മുപ്ലിയം | പ്രതിനിധി | : പി.സി. സുബ്രൻ |
| | : | സ്നേഹപുരം | പ്രതിനിധി | : ഷാജു കാളിയേങ്കര |
| | : | പുതുക്കാട് | പ്രതിനിധി | : ഷിന്റ സനോജ് |
| | : | അളഗപ്പ നഗർ | പ്രതിനിധി | : ദിനിൽ പി.എസ്. |

## നിർവ്വഹണ ഉദ്യോഗസ്ഥർ

1. കൃഷി ഓഫീസർ - ദിവ്യ സി. ആർ
2. വെറ്ററിനറി സർജൻ, പുതുക്കാട് - ഡോ.ഫ്ളെമി ജേക്കബ്ബ്
3. വി.ഇ.ഒ. ചെങ്ങാലൂർ - ധന്യ എം.വി.
4. വി.ഇ.ഒ. പുതുക്കാട് - ജോബിൻ ജോൺസൺ
5. എച്ച്. എം. ജി.എൽ.പി. എസ് - ദിവ്യ എ.ആർ.
6. ഐ.ഡി.ഡി.എസ്. സൂപ്പർ വൈസർ - വിനോദിനി പി.കെ.
7. സൂപ്രണ്ട്, താലൂക്ക് ആശുപത്രി - ഡോ. മിഥുൻ റോഷ്
8. മെഡിക്കൽ ഓഫീസർ, ആയുർവ്വേദം - ഡോ.കവിത പി.കെ.
9. മെഡിക്കൽ ഓഫീസർ, ഹോമിയോ - ഡോ.ജോത്സന എം.പി
10. അസിസ്റ്റന്റ് എഞ്ചിനിയർ, LSGD - ഷെയ്ക് മാഹിൻ എ.ജെ.
11. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് - ജോൺ പി.ആർ
12. അസി. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് - അനൂപ് എം.എ.
13. ഡയറിഫാം ഇസ്ട്രക്ടർ - നിത കെ.എസ്

# പുതുക്കാട് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : പുതുക്കാട് സ്ഥാപിതം 1962 ജനുവരി 1 |
| വില്ലേജുകൾ | : തൊറവ്, ചെങ്ങാലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : കൊടകര |
| പാർലിമെന്റ് നിയോജക മണ്ഡലം | : തൃശ്ശൂർ |
| അസംബ്ലി നിയോജകമണ്ഡലം | : പുതുക്കാട് |
| താലൂക്ക് | : മുകുന്ദപുരം |
| ജില്ല | : തൃശ്ശൂർ |
| ഗ്രേഡ് | :സ്പെഷ്യൽ |
| വിസ്തീർണ്ണം | : 15.41 ച.കി.മീ. |
| ജനസംഖ്യ | : 23375 |
| സ്ത്രീകൾ | :12101 |
| പുരുഷൻമാർ | : 11224 |
| പട്ടികജാതി | : 3611 |
| സ്ത്രീകൾ | : 1844 |
| പുരുഷൻമാർ | : 1767 |
| പട്ടികവർഗ്ഗം | : 15 |
| ജനസാന്ദ്രത | : 1517 |
| വാർഡുകൾ | : 17 |
| സ്ത്രീസംവരണം ജനറൽ | : 7 |
| പട്ടികജാതി സംവരണം | : 1 |
| പട്ടികജാതി സ്ത്രീ സംവരണം | : 2 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | |
| എൽ. പി. സ്കൂൾ | : 3 |
| യു. പി. സ്ക്കൂൾ | : 1 |
| ഹൈസ്ക്കൂൾ | : 3 |
| +2സ്ക്കൂൾ | : 1 |
| വി.എച്ച്.എസ്. എസ്. | : 1 |
| കോളേജ് | : 1 |
| അതിരുകൾ | |
| വടക്ക് | : നെന്മണിക്കര, അളഗപ്പനഗർ ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : കുറുമാലിപുഴ |
| കിഴക്ക് | : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : നെന്മണിക്കര ഗ്രാമപഞ്ചായത്ത് |

# കൃഷിയും ജലസേചനവും

## അന്ന്

പുതുക്കാട് ഗ്രാമപഞ്ചായത്തിലെ പ്രധാന കൃഷി നെൽകൃഷി ആയിരുന്നു. തെങ്ങ്, കവുങ്ങ്,മാവ്, പ്ലാവ്, പുളി, അടങ്ങിയ തോപ്പുകളും, പുഞ്ചപ്പാടങ്ങളും, തേമാലി കൃഷിയും അന്ന് നിലനിന്നിരുന്നു. കുറുമാലിപുഴ ഇടതുകരയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പുതുക്കാട് പഞ്ചായത്ത്. ജലസേചനത്തിനായി കാനത്തോട് ,മുക്കണാംചാൽ തോട് കൊക്കർണ്ണി തോട്, വിളക്കപ്പാടി തോട്, ഉഴിഞ്ഞാൽ തോട്, കേളിത്തോട് എന്നിവ ആയിരുന്നു പ്രധാന സ്രോതസ്സുകൾ. അന്ന് പ്രധാനമായും 10 പാടശേഖര സമിതികളായിരുന്നു ഉണ്ടായിരുന്നത്.

1. മങ്ങാട് പാടം പാടശേഖര സമിതി
2. ചടയങ്ങാട്ട് പാടം
3. എടത്തൂട്ട് പാടം
4. കണ്ണുപാടം
5. വേലൂപാടം
6. വെളക്കപാടി ഉഴിഞ്ഞാൽ പാടം
7. കറുകപാടം
8. കേളിപാടം
9. കച്ചറയ്ക്കൽ പാടം
10. തെക്കേതൊറവ് പാടം

അന്ന് പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചു കൃഷിയായിരുന്നു. കൃഷി മനുഷ്യ പ്രയത്നത്താൽ അധിഷ്ഠിതമായിരുന്നു. ജലസേചനത്തിനായി മാടുകളേയും ഉപയോഗിച്ചിരുന്നു. ചക്രം, കയറ്റ് കൊട്ട, തുലാവ്, വേത്ത് തുടങ്ങിയ ജലസേചനഉപയോഗിച്ചിരുന്നു. ചക്രം, കയറ്റ് കൊട്ട, തുലാവ്, വേത്ത് തുടങ്ങിയ ജലസേചന സൂത്രങ്ങളായിരുന്നു. അന്ന് പ്രധാനപ്പെട്ട ഇരു പൂകൃഷികളായ വിരിപ്പും മുണ്ടകം പുഞ്ച ഉണ്ടായിരുന്നു.

## ഇന്ന്

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിലൂടെ നെൽകൃഷി വികസനം, തെങ്ങ് കൃഷി വികസനം, വാഴകൃഷി വികസനം, ജാതികൃഷി വികസനം, പച്ചകൃഷി വികസനം, തരിശ്ഭൂമിയിൽ കൃഷി, ഫലവൃക്ഷതൈ വിതരണം എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പല പദ്ധതികളും നൂറ് ശതമാനം കർഷക പങ്കാളിത്തത്തോടെ നടത്തുവാൻ സാധിച്ചു.

നെൽ കൃഷി വികസനത്തിൽ കർഷകർക്ക് ആവശ്യമുള്ള ഗുണമേന്മയേറിയ നെൽവിത്ത്, കുമ്മായം, കൂലിചെലവ് എന്നിവ യഥാസമയം കർഷകർക്ക് നൽകുന്നതിനും ഓരോവർഷവും പിന്നിടുമ്പോഴും കൂടുതൽ പേരെ നെൽ കൃഷിയിലേക്ക് ആകർഷിക്കാനും സാധിച്ചിട്ടുണ്ട്.

തെങ്ങ്, വാഴ, ജാതി കർഷകർക്ക് ഗുണമേന്മയേറിയ നടീൽ വസ്തുക്കളും വളവും കൃത്യസമയത്ത് നൽകുന്നതു വഴി കർഷകർക്ക് മാന്യമായ ആദായം ഉറപ്പു വരുത്തുന്നു.

വേനൽകാലം ശീതകാലം എന്നീ കാലങ്ങൾക്ക് അനുസൃതമായ പച്ചക്കറി ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ നൽകിയതു വഴി കർഷകർക്ക് വീട്ടാവശ്യത്തിനും പുറത്ത് വിപണിയിൽ വിൽക്കുന്നതിനും ആവശ്യമായ പച്ചക്കറികൾ ലഭിക്കുന്നു.

തരിശ് ഭൂമിയിൽ കൃഷി ഇറക്കുന്നതിന് വേണ്ട സഹായം നൽകിയതു വഴിയായി നമ്മുടെ പഞ്ചായത്തിൽ കർഷകരുടെ വരുമാനം വർദ്ധിക്കുകയും തരിശായി കിടക്കുന്ന കൃഷിയിടത്തിന്റെ അളവ് ഗണ്യമായി കുറയുകയും ചെയ്തു വൈവിധ്യമാർന്ന ഫലവൃക്ഷ തൈകളുടെ വിതരണം വഴിയായി റംബൂട്ടാൻ, മാങ്കോസ്റ്റിൻ, പ്ലാവ്, മാവ്, ഞാവൽ, ഫാഷൻ ഫ്രൂട്ട്, നെല്ലി, ചാമ്പ,

| അന്ന് | ഇന്ന് |
| --- | --- |
| വേനലിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ പുഞ്ചകൃഷിയും ഉണ്ടായിരുന്നു. തവളകണ്ണൻ, വട്ടൻ, എരുമക്കേരി, അതിയൻ, ചിറ്റേനി, കൊടിയൻ, ആര്യൻ, ചീര, ചെമ്പാവ്, നവര ഇത്രയും വിത്തിനങ്ങളണ് കൃഷി ചെയ്തിരുന്നത്. കൊയ്ത്തിനു ശേഷം ഈ സ്ഥലങ്ങളിൽ പ്രധാനമായും മാടുകളെ മേയ്ക്കുന്നതിനാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ കപ്പ, എള്ള്, ചാമ, മുതിര, ഉഴുന്ന്, മധുരകിഴങ്ങ് എന്നിവ കൃഷി ചെയ്തിരുന്നു. | അരിനെല്ലി, പേര എന്നിവയുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും വിതരണം ചെയ്യാൻ സാധിച്ചു.<br>ഇതെല്ലാമുണ്ടെങ്കിലും പ്രകൃതി ക്ഷോഭം, കാലാവസ്ഥാവ്യതിയാനം എന്നിവ മൂലമുള്ള കൃഷിനാശം, വ്യത്യസ്തങ്ങളായ കീടങ്ങളും രോഗങ്ങളും എന്നിങ്ങനെയുള്ള പ്രതീകൂല സാഹചര്യങ്ങൾ കർഷകർക്കുാക്കുന്ന പ്രതിസന്ധികൾ വളരെയധികമാണ്. കർഷകർക്ക്, പ്രത്യേകിച്ച് നെൽ കർഷകർക്ക് കൃത്യസമയത്ത് ജലലഭ്യതയുടെ ക്രമീകരണം ഉറപ്പു വരുത്തേത് ഇനിയും നമുക്ക് നടപ്പിലാക്കേ കാര്യമാണ്. |



# കേരഗ്രാമം

പുതുക്കാട് ഗ്രാമപഞ്ചായത്തിൽ 282 ഹെക്ടറിലായി ആയിരത്തി ഇരുന്നൂറോളം കർഷകർക്ക് തെങ്ങിന്റെ തടം തുറന്ന് കുമ്മായവും ജൈവവളവും രാസവളവും ഇടുന്നതിന് കേരഗ്രാമം വഴി സാധിച്ചു. മോട്ടോർ പമ്പ് സെറ്റ്, തെങ്ങ് കയറ്റ യന്ത്രം എന്നിവ കർഷകർക്ക് വിതരണം ചെയ്യാനും കേരഗ്രാമം പദ്ധതി വഴിയൊരുക്കി. കേരകർഷകർക്ക് ഇടവിളയായി ചേന, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ എന്നിവയും നൽകി. ഇതുവഴി പഞ്ചായത്തിലെ വിവിധ വാർഡുകളിൽകമ്പോസ്റ്റ് നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കേട് വന്ന തെങ്ങുകൾ മുറിച്ചു മാറ്റി പകരം അത്യുത്പാദനശേഷിയുള്ള നല്ല തെങ്ങിൻ തൈകൾ നൽകാനും ഇതു വഴി സാധിച്ചു. 2021– 22 വർഷത്തിൽ മാത്രമല്ല, 2022 – 23, 2023 – 24 എന്നീ ര് വർഷങ്ങളിൽ കൂടി കേരഗ്രാമം പദ്ധതി വഴി നമ്മുടെ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.



# ലിഫ്റ്റ് ഇറിഗേഷൻ



കൃഷി ആവശ്യത്തിനുള്ള ജലസേചന സൗകര്യങ്ങൾ വർദ്ധിച്ചു. ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിച്ചത് മൂലം കൃഷി ചെയ്യാതിരുന്ന സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ സാധിച്ചു.

ഇറിഗേഷന്റെ കീഴിയുള്ള പദ്ധതികളായ ഉഴിഞ്ഞാൽ പാടം ഇറിഗേഷൻ, മറവാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, മേലക്കയം ലിഫ്റ്റ് ഇറിഗേഷൻ, മനയ്ക്കലകടവ് ഇറിഗേഷൻ, ഉറാംകുളം ഇറിഗേഷൻ, പഞ്ചായത്തിന്റെ കീഴിലുള്ള ജലസേചന പദ്ധതി കുണ്ടുകാവ് ഇറിഗേഷൻ, കരോട്ടുകുളം ഇറിഗേഷൻ, ചെങ്ങാലൂർ നരശ്ശില പള്ളം ലിഫ്റ്റ് ഇറിഗേഷൻ, തെക്കേതൊറവ് ലിഫ്റ്റ് ഇറിഗേഷൻ എന്നി പദ്ധതികളായി ജലസേചന സൗകര്യം ഉറപ്പ് വരുത്താൻ സാധിക്കുന്നു. ചിമ്മിനി ഡാമിൽ നിന്നും കുറുമാലി പുഴയിലൂടെ ഒഴുകി വരുന്ന വെള്ളം ഉപയോഗിച്ച് കൂടുതൽ സ്ഥലങ്ങളിലേക്കും ജല സൗകര്യം വർദ്ധിപ്പിക്കുക വഴി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. തടയണ നിർമ്മിച്ചും, മോട്ടോർ പമ്പു സെറ്റ് സ്ഥാപിച്ചും. ജലസേചനം നടത്തി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.

## പാടശേഖര സമിതികൾ

1. മങ്ങാട് പാടം പാടശേഖര സമിതി
2. ആലഞ്ചേരി പാടം പാടശേഖര സമിതി
3. ചെങ്ങാലൂർ / ആലഞ്ചേരി പാടശേഖര സമിതി
4. പാപ്പിനി പാടം പാടശേഖര സമിതി
5. കറുകപ്പാടം കർഷകസമിതി
6. തെക്കേതൊറവ് കടും കൃഷി സമിതി
7. ഉഴിഞ്ഞാൻ പാടം ഗ്രൂപ്പ് ഫാമിംഗ് സമിതി

## JANAKEEASOOTHRANAM 2013-14 TO 2022-23 NO OF FARMERS

| Project | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|---|---|
| തെങ്ങ് കൃഷി പ്രോത്സാഹനം | 250 | 260 | 275 | 280 | 331 | 350 | 207 | 210 | 230 | |
| സമഗ്ര നെൽകൃഷി വികസനം | 260 | 270 | 270 | 270 | 263 | 244 | 250 | 268 | 294 | 289 |
| നേന്ത്രവാഴ കൃഷി പ്രോത്സാഹനം | 70 | 80 | 70 | 75 | 112 | | | | | |
| ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം | | | | | 100 | | | | | 75 |
| ഗ്രോ ബാഗിൽ ഇഞ്ചി മഞ്ഞൾ | | | | | | | | | | |
| പ്രളായാനന്തര പച്ചക്കറി വികസനം | | | | | | | | 100 | | |
| കൃഷിഭവൻ ചെലവുകൾ | | | | | | | | 1 | | |
| നെൽകൃഷി വികസനം | | | | | | | | 290 | | |
| സുഭിക്ഷ കേരളം തരിശ് പച്ചക്കറി | | | | | | | | 7 | | |
| സുഭിക്ഷ കേരളം ഫ്രൂട്ട് പ്ലാന്റ്സ് വിതരണം | | | | | | | | 100 | 100 | |
| സുഭിക്ഷകേരളം തരിശ് കിഴങ്ങ് | | | | | | | | 10 | | |
| സുഭിക്ഷകേരളം തരിശ് നെൽകൃഷി | | | | | | | | 7 | | |
| സുഭിക്ഷകേരളം തരിശ് വാഴ | | | | | | | | 12 | | 10 |
| വാഴകൃഷി വികസനം | | | | | | | | | 115 | 60 |
| ജാതികൃഷി വികസനം | | | | | | | | | | 155 |

# കുടിവെള്ളം

| അന്ന് | ഇന്ന് |
|---|---|
| കുറുമാലി പുഴയുടെ തീരത്തുള്ള പഞ്ചായത്ത് ആണെങ്കിലും വേനൽകാലത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നു. ചാക്കോച്ചിറ കണ്ണമ്പത്തൂർ, മാട്ടുമല, സൂര്യഗ്രാമം, വടക്കേതൊറവ് എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നത് സാധാരണ കിണറുകളും കുളങ്ങളും ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി പൊതു ടാപ്പുകളെയാണ് ആശ്രയിച്ചിരുന്നത്. 1972 ൽ കുറുമാലി പുഴയിൽ സ്ഥാപിച്ച പമ്പ് ഹൗസിൽ നിന്നും ചീനികുന്നിലും, വടക്കേതൊറവിലുമായി സ്ഥിതി ചെയ്യുന്ന ടാങ്കുകളിലേക്ക് വെള്ളം പമ്പ് ചെയ്ത് അവിടെനിന്നാണ് കുടിവെള്ളം വിതരണം ചെയ്തിരുന്നത്. വർദ്ധിച്ച ഹൗസ് കണക്ഷൻ നിയന്ത്രണമില്ലാതെ നൽകിയതിനാലും വാട്ടർ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്ന മെയിൻ പൈപ്പിൽനിന്ന് തന്നെ ഗാർഹിക കണക്ഷൻ യഥേഷ്ടം നൽകിയതിനാലും വെള്ളം തൊറവ് കുന്ന് ടാങ്കിൽ നിറഞ്ഞ് ഉയർന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യാൻ ലഭിക്കാറില്ല. ഫിൽറ്ററേഷൻ ശരിയായ രീതിയിൽ നടക്കാത്തതു മൂലം ചെളിവെള്ളമാണ് ജനങ്ങൾ മിക്കപ്പോഴും ഉപയോഗിക്കേണ്ടി വരാറ്. വാട്ടർ അതോറിറ്റികളുടെ നിയന്ത്രണത്തിലുള്ള പമ്പിംഗ് സ്റ്റേഷനിലെ മോട്ടറുകൾ ഉള്ളതിനാൽ മിക്കപ്പോഴും മൂന്നെണ്ണമെങ്കിലും പമ്പിംഗ് നടത്താൻ സാധിക്കാത്ത വിധം കേടായി ഇരിക്കുന്ന | സംസ്ഥാന സർക്കാരിന്റെ സഹായത്തോട് കൂടി വടക്കേതൊറവിൽ പുതുക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കുകയും ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റോട് കൂടിയ പദ്ധതിയിൽ നിന്നും പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേയ്ക്കും പൈപ്പ്ലൈനുകൾ നീട്ടി സ്ഥാപിച്ചും കുടിവെള്ള പദ്ധതി പ്രവർത്തിച്ച് വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും പഞ്ചായത്തിന്റെയും സഹകരമണത്തോട് കൂടി പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും പൊതുസ്ഥലങ്ങളിലേക്കും ശുദ്ധീകരിച്ച വെള്ളം എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് സഹകരണത്തോടു കൂടി മറ്റ് കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45% തുക കേന്ദ്ര സർക്കാരും, 30% കേരള സർക്കാരും 15% തുക പഞ്ചായത്തും 10% തുക ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ചാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ആകെ 3175 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വിശദമായ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാർ വിഹിതം |

| അന്ന് | ഇന്ന് |
|---|---|
| താണ് പതിവ്. വേണ്ട സമയത്തുള്ള അറ്റകുറ്റ പണിയുടെ കുറവ് മൂലവും കറന്റ് കട്ട് മൂലവും മോട്ടർ പ്രവർത്തിക്കാത്തതും പൈപ്പുകളുടെ കാലപ്പഴക്കവും സമർദ്ദവും മൂലം ഇടയ്ക്കിടെ പൊട്ടിപ്പൊളിഞ്ഞ് വെള്ളം ചോർന്ന് പോകുന്നതു മൂലവും കുടിവെള്ളം അപ്രതീക്ഷിതമായി നിലയ്ക്കുന്നത് അന്ന് ഒരു സാധാരണ സംഭവമായിരുന്നു. | 3,71,70,000/- രൂപയും സംസ്ഥാന സർക്കാർ വിഹിതം2,47,80,000 /- രൂപയും പഞ്ചായത്ത് വിഹിതമായി 1,23,90,000/- രൂപയും ഗുണഭോക്തൃ വിഹിതമായി 82,60,000/- രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. ജല ജീവൻ പദ്ധതിയുമായി മുഴുവൻ പഞ്ചായത്തുകളും സഹകരിക്കണമെന്ന സർക്കാർ നിലപാട് അനുസരിച്ചാണ് കേന്ദ്രീകൃത കുടിവെള്ള പദ്ധതിയായ ജല ജീവൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. |



# മൃഗസംരക്ഷണം / ക്ഷീരവികസനം

| അന്ന് | ഇന്ന് |
|---|---|
| മൃഗസംരക്ഷണത്തിന് 2 മൃഗാശുപത്രികൾ സ്ഥാപിച്ച് പ്രവർത്തിച്ച് വന്നിരുന്നു. 1975 ൽ ചെങ്ങാലൂർമൃഗാശുപത്രി, 1995 ൽ തൊറവ് മൃഗാശുപത്രിയും ആരംഭിച്ചു. ചെങ്ങാലൂർ മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലം ഉണ്ടായിരുന്നെങ്കിലും പുതുക്കാട് മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലം ഉണ്ടായിരുന്നില്ല. ചെങ്ങാലൂർ മൃഗാശുപത്രിക്ക് വൈദ്യുതീകരണം നടത്തിയിരുന്നില്ല. അതുകൊണ്ട് ആശുപത്രിയ്ക്കു വേണ്ട മരുന്നുകളും, ഉപകരണങ്ങളും സൂക്ഷിക്കാൻ സാധിച്ചിരുന്നില്ല. പുതുക്കാട് ഒരു പാൽ സൊസൈറ്റി മാത്രമാണ് ഉണ്ടായിരുന്നത്. അതിന് വേണ്ടത്ര സൗകര്യം ഉണ്ടായിരുന്നില്ല. കാലിത്തീറ്റകളുടെ അമിത വില വർദ്ധനവ് ഉത്പാദനക്ഷമതയെ ബാധിച്ചിരുന്നു. വായ്പ ലഭ്യമാക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ വിമുകത എന്നിവ ക്ഷീര കർഷകർ നേരിട്ടിരുന്ന പ്രശ്നങ്ങളുടെ ഭാഗമായിരുന്നു. കർഷകർക്ക് പരിജ്ഞാനകുറവ് ഉണ്ടായിരുന്നു.ഈ മേഖലയിൽ കുറഞ്ഞ വനിത പങ്കാളിത്തം ഈമേഖല നേരിട്ടിരുന്ന പ്രശ്നങ്ങളിൽ ഒന്നായിരുന്നു. മാടുകൾക്ക് ഇൻഷുറൻസ് അന്ന് ഉണ്ടായിരുന്നില്ല.<br><br>******* | പുതുക്കാട് ഗ്രാമപഞ്ചായത്തിൽ 2 മൃഗാശുപത്രിയും സ്വന്തം സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. കാലിത്തീറ്റകളുടെ വിലവർദ്ധനവ് മരുന്നുകൾകേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട് നിലവിൽ ഒരു പാൽ സൊസൈറ്റിയും പാൽ സൊസൈറ്റിക്ക് ഒരുബ്രാഞ്ചും സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ക്ഷീരകർഷകരെ ബാധിക്കാതിരിക്കാൻ കാലിത്തീറ്റ സബ്സിഡി നൽകി വരുന്നു. നിലവിൽ എല്ലാ ധനകാര്യ സ്ഥാപനങ്ങളും ക്ഷീര കർഷകർക്ക് വായ്പ സൗകര്യങ്ങൾ നൽകി വരുന്നു. ഇതിലൂടെ കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ സാധിച്ചു. ആയതിനാൽ കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ സാധിച്ചു.<br><br>മൃഗസംരക്ഷണ മേഖലയുടെ സമഗ്രവികസനം മുൻനിർത്തി കന്നുകുട്ടി പരിപാലന പദ്ധതി, ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി, ആട് വളർത്തൽ പദ്ധതി, പാലിന് സബ്സിഡി, മുട്ടക്കോഴി വളർത്തൽ പദ്ധതി, ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്നീ പദ്ധതികൾ കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ സാധിച്ചു. നൂറ് ശതമാനത്തോളം നിർവ്വഹണം സാധ്യമായതിലൂടെ ഈ മേഖലയിലെ കർഷകർക്ക് |

| അന്ന് | ഇന്ന് |
|---|---|
| | നിലനിൽപ്പ്, സുസ്ഥിരത, വരുമാന വർദ്ധനവ് എന്നീ പ്രശ്നങ്ങളെ നേരിടാൻ പദ്ധതികൾ സഹായകമായി ഈ മേഖലയുടെ നിലനിൽപ്പിനാവശ്യമായ തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവ MGNREGS പദ്ധതിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ സമഗ്ര സമീപനം രോഗപ്രതിരോധം, രോഗനിർണ്ണയം, ചികിത്സ എന്നീ മേഖലകളെ ആധുനികരിക്കാൻ സാധിച്ചു. കഴിഞ്ഞ വർഷങ്ങളിൽ പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്ന കർഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് കാണാനാകും.<br>എന്നിരുന്നാലും ആധുനിക കാലഘട്ടം ആവശ്യപ്പെടുന്ന രോഗനിർണയ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മൃഗസംരക്ഷണ രംഗത്തെ ശാക്തീകരിക്കുകയും, ഉല്പാദനകുറവ് കുറച്ചുകൊണ്ട് പാലും പാലുല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതുണ്ട്. |

## പുതുക്കാട് ഗ്രാമപഞ്ചായത്ത്
## വെറ്ററിനറി പുതുക്കാട് സ്റ്റാറ്റസ് റിപ്പോർട്ട്

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പശു | ആട് | കോഴി | കാലിത്തീറ്റ സബ്സിഡി |
|---|---|---|---|---|---|
| 1. | 2015–16 | 830 | 870 | 10900 | |
| 2. | 2016–17 | 890 | 940 | 11100 | |
| 3. | 2017–18 | 940 | 955 | 11950 | |
| 4. | 2018–19 | 960 | 975 | 12100 | |
| 5. | 2019–20 | 968 | 984 | 12200 | |
| 6. | 2020–21 | 978 | 1002 | 12350 | |
| 7. | 2021–22 | 988 | 1018 | 13900 | |
| 8. | 2022–23 | – | 1,42,500/– (19 beneficiares) | | 8,46,000/– (141 beneficiares) |
| 9. | 2023–24 | – | – | 1,85,000/– (1500 birds) | 3,48,000/– (58 beneficiares) |


മൃഗാസ്പത്രി



# വിദ്യാഭ്യാസം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്ക്കൂൾ മലയാളം സ്ക്കൂൾ എന്നറിയപ്പെട്ടിരുന്ന വൊക്കേഷ്ണൽ ഹയർസെക്കന്ററി സ്ക്കൂൾ ആണ്. കൂടാതെ പുതുക്കാട് പ്രവൃത്തി പാഠശാല ( സർക്കാർ പ്രൈമറി സ്ക്കൂൾ) ആരംഭിച്ചത് 06/08/ 1891 ൽ ആണ് പിന്നീട് യു പി സ്ക്കൂൾ ആയും 1981ൽ ഹൈസ്ക്കൂൾ ആയും ഉയർത്തപ്പെട്ടു. 1985 ൽ വൊക്കേഷ്ണൽ ഹയർ സെക്കന്ററിയായിട്ട് മാറി. സർക്കാർ തലത്തിലെ മറ്റൊരു വിദ്യാലയം ചെങ്ങാലൂർ GLPS ആണ്. പുതുക്കാട് സെന്റ് ആന്റണീസ് സ്ക്കൂൾ, ചെങ്ങാലൂർ സെന്റ്. മേരീസ് ഹൈസ്ക്കൂൾ, പുതുക്കാട് സെന്റ്. സേവ്യേഴ്സ് കോൺവെന്റ് യു പി സ്ക്കൂൾ, ചെങ്ങാലൂർ രണ്ടാംകല്ലിലുള്ള എയ്ഡഡ് ലോവർ പ്രൈമറി സ്ക്കൂൾ എന്നിവയാണ് പുതുക്കാട് പഞ്ചായത്തിലെ മറ്റ് സ്ക്കൂളുകൾ.<br>05/ 09/ 1971 ൽ പുതുക്കാട് സെന്റ് ആന്റണീസ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. 1944 ൽ ചെങ്ങാലൂർ സെന്റ് മേരീസ് ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആഫിലിയേഷൻ ചെയ്തിട്ടുള്ള പ്രജ്യോതിനികേതൻ കോളേജ് അന്ന് ഉണ്ടായിരുന്നു. പഞ്ചായത്തിലെ എല്ലാ സ്ക്കൂളിലേയും ഭൗതീക സാഹചര്യം മോശം ആയിരുന്നു.<br>******** | നിലവിൽ പുതുക്കാട് പഞ്ചായത്തിൽ 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.<br>1. പ്രജ്യോതി നികേതൻ കോളേജ്<br>2. MCA CENTER ( Calicut University) Pudukad<br>3. സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്ക്കൂൾ<br>4. ഗവ.വൊക്കേഷ്ണൽ ഹയർസെക്കന്ററി സ്ക്കൂൾ<br>5. സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ<br>6. സെന്റ് മേരീസ് ഹൈസ്ക്കൂൾ ചെങ്ങാലൂർ<br>7. ഗവ. എൽ പി സ്ക്കൂൾ ചെങ്ങാലൂർ<br>8. എ ൽ പി എസ് രണ്ടാം കല്ല്<br>9. സെന്റ് ആൻണീസ് എൽ പി സ്ക്കൂൾ പുതുക്കാട്<br>9. മേരിമാത ഐസിഎസ് സി സ്ക്കൂൾ<br>11. സെന്റ് സേവിയേഴ്സ് കോൺവെന്റ് യു പി സ്ക്കൂൾ<br>പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചെങ്ങാലൂർ എൽപി സ്കൂൾ രണ്ടരകോടി വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആധുനിക സൗകര്യങ്ങളോട് കൂടി പ്രവർത്തിക്കുന്നു. ഇരിങ്ങാലക്കുട സബ് ജില്ലയിലെ ഏറ്റവും നല്ല സ്ക്കൂൾ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. അത് പോലെ തന്നെ പ്രജ്യോതി നികേതൻ കോളേജിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ നടന്നു വരുന്നു. സെന്റ് ആൻണീസ് സ്ക്കൂളിൽ പ്ലസ്സ് 2 ഉന്നത നിലവാരം |

| അന്ന് | ഇന്ന് |
|---|---|
| | പുലർത്തി വരുന്നു. വി എച്ച് എസ് സി തൊഴിലധിഷ്ഠിത കോഴ്സുകൾ നടക്കുന്നു. ഐ സി എസ് സിലബസിലുള്ള അൺ എയ്ഡഡ് സ്ക്കൂൾ ഉന്നത നിലവാരത്തോട് കൂടി തന്നെ പ്രവർത്തിച്ച് വരുന്നു.വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പഞ്ചായത്തിന്റെ പരിപൂർണ്ണ സഹകരണം എല്ലാവിദ്യഭ്യാസ സ്ഥാപനങ്ങൾക്കും നൽകി വരുന്നു.<br><br>********* |



# ചെങ്ങാലൂർ ഓട്ടിസം പാർക്ക്

മാനസീക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സംസ്ഥാനത്തെ ആദ്യത്തെ ഓട്ടിസം പാർക്ക് പുതുക്കാട് പഞ്ചായത്തിലെ ചെങ്ങാലൂരിൽ പ്രവർത്തിച്ചു വരുന്നു. 2013 ഫെബ്രുവരി 13 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ.പി.കെ. അബ്ദുറബ്ബ് കൊടകര BRC യുടെ കീഴിലുള്ള ചെങ്ങാലൂർ ഓട്ടിസം പാർക്കിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 2014 ജൂൺ 29ന് ഓട്ടിസം പാർക്കിൽ അക്കാദമിക പരിശീലനം ആരംഭിച്ചു. നിലവിൽ 22 കുട്ടികളും 5 അധ്യാപകരും ഒരു ആയ – എന്ന രീതിയിൽ ഓട്ടിസം പാർക്കിലെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. രണ്ട് ബാച്ചുകളായിട്ടാണ് കുട്ടികളുടെ പരിശീലനം നടന്നുവരുന്നത്.

അക്കാദമീക പരിശീലനത്തോടൊപ്പം തന്നെ കുട്ടികളുടെ ശാരീരിക –മാനസിക വികാസത്തിന് ഉതകുന്ന തരത്തിലുള്ള യോഗ, വ്യായാമം & കോ– കരിക്കുലർ ആക്റ്റിവിറ്റീസും നൽകി വരുന്നു. ഇതോടൊപ്പം തന്നെ ഇന്നേറ്റീവ് പ്രോഗ്രാമായി മ്യൂസിക് & ഡ്രോയിംഗ് ക്ലാസ്സ് കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി നൽകി വരുന്നു.കുട്ടികളുടെ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുന്നതിനു വേണ്ടി വൊക്കേഷണൽ ആക്ടിവിറ്റീസ്, പേപ്പർ ബാഗ് നിർമ്മാണം, മസാല പാക്കിംഗ്, ചോക്ക് നിർമ്മാണം എന്നിവയും ചെയ്തു വരുന്നു. CBR –ന്റെ ഭാഗമായി " അടുക്കള പച്ച " എന്ന പേരിൽ പച്ചക്കറി കൃഷി എല്ലാകുട്ടികളുടെ വീടുകളിലും ചെയ്തു വരുന്നു. രക്ഷിതാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ടൈലറിംഗ് യൂണിറ്റ് വിപുലമായി പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്ക് Behavioral Therapy, Speech Therapy എന്നിവയും നൽകി വരുന്നു.



# ആരോഗ്യം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് പഞ്ചായത്തിലെ ആരോഗ്യമേഖലയെ കുറിച്ച് പരിശോധിക്കുമ്പോൾ ലഭിക്കുന്ന ചിത്രം ആശാവഹമാണ്. പഞ്ചായത്തിലെ പൊതു ജനനനിരക്ക് മരണ നിരക്ക്, ആയുർ ദൈർഘ്യം എന്നീ മാനദണ്ഡങ്ങൾ വെച്ച് പരിശോധിക്കുമ്പോൾ സംസ്ഥാന ശരാശരിയേക്കാൾ മെച്ചമാണ് പുതുക്കാട് പഞ്ചായത്തിന്റെ സ്ഥിതി. 1928 ൽ വരന്തരപ്പിള്ളിയിൽ നിന്ന് ആരംഭിച്ച് പുതുക്കാട്ടേക്ക് മാറ്റി സ്ഥാപിച്ചതോടെയാണ് പുതുക്കാട് സർക്കാർ ആശുപത്രിയുടെ ചരിത്രം ആരംഭിക്കുന്നത്. ചെങ്ങാലൂർ പ്രദേശത്ത് സർക്കാർ ആയുർവേദ ആശുപത്രി, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഹോമിയോ ക്ലിനിക്ക് എന്നിവയുടെ സേവനം ലഭ്യമായിരുന്നു. പുതുക്കാട് സർക്കാർ ആശുപത്രിയിൽ രാത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമല്ലായിരുന്നു. എക്സറേ, ലബോറട്ടറി സൗകര്യം ഉണ്ടായിരുന്നില്ല. | താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടതിനാൽ പുതുക്കാട് ആശുപത്രിയിൽ ഇന്ന് മികച്ച ചികിത്സസൗകര്യം ലഭ്യമാണ്. എല്ലാ വിഭാഗം ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. ഡയാലിസിസ് നടത്തേണ്ട രോഗികൾക്ക് ഡയാലിസിസ് സൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ട്. നിലവിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണ്. കൂടാതെ ആയുർവ്വേദം ഹോമിയോ ഡിസ്പെൻസറികളിലൂടെയുള്ള സേവനവും സൗജന്യ മരുന്നു വിതരണവും ജനങ്ങൾക്ക് ലഭ്യമാണ്. സർക്കാർ ആശുപത്രികൾ കൂടാതെ സൗകര്യമേഖലയിലുള്ള ചികിത്സ സൗകര്യങ്ങളും പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാണ്. പുതുക്കാട് കൂടാതെ ചെങ്ങാലൂർ ഹെൽത്ത് സെന്ററിലും പകൽ സമയം ഡോക്ടറുടെ |



| അന്ന് | ഇന്ന് |
|---|---|
| | സേവനം ഉള്ളതാണ്. ആധുനിക രീതിയിലുള്ള രോഗ നിർണ്ണയ ലാബുകൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. സൗകാര്യ ആശുപത്രികളും, സഹ കരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറുകളും,ലാബു കളും പ്രവർത്തിക്കുന്നു. പഞ്ചായ ത്തിന്റെ കീഴിൽ പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തനം വളരെ നല്ല രീതിയിൽ നടക്കുന്നു. പ്രളയം, കോവിഡ്കാലത്ത് ആരോഗ്യ രംഗത്തെ സേവനങ്ങ ളിൽ എല്ലാ വാർഡുകളിലും ആശാ പ്രവർത്തകരുടെ സേവനം ശ്രദ്ധേയ മായിരുന്നു. കോവിഡ് വാക്സിനേ ഷൻ എല്ലാവർക്കും സമയബന്ധിത മായി പഞ്ചായത്തിന്റെ നേതൃത്വ ത്തിൽ നൽകുന്നതിന് സാധിച്ചിട്ടു ണ്ട്. |

No: 358/23

# STATUS REPORT
# TALUK HOSPITAL PUDUKAD

The Contigent Fund completely utlised during the Year 2023-24

## TOTAL OP DURING THE YEAR 2023-24 - 213739/-

| OP | Male | Female | Male Children | Female Children |
|---|---|---|---|---|
| New OP | 55757 | 58914 | 16985 | 14435 |
| Old OF | 23616 | 32677 | 5978 | 5366 |
| Total | | | | |
| Total New OP :- 146102<br>Total Old OP :- 67637<br>Grand Total :- 213739 | | | | |

# STATUS REPORT
# AYUSH PRIMARY HEALTH CENTRE PUDUKAD

| | Male | | | Male | | |
|---|---|---|---|---|---|---|
| New | Below - 16 | 16-60 | Above-60 | Below-60 | 16-60 | Above-60 |
| | 603 | 770 | 284 | 557 | 1607 | 340 |
| Follow up | 1083 | 1602 | 1232 | 1029 | 4014 | 1908 |
| Total | 1686 | 2372 | 1516 | 1586 | 5621 | 2241 |
| Total Children :- 3272 | | | | | | |





# ചെറുകിട വ്യവസായം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ചെറുകിട വ്യസായങ്ങളുടെ കാര്യവും ഇത് തന്നെ. ഒരു കാലത്ത് കേരളത്തിലെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ഈറ്റില്ലം എന്ന് വിശേഷിപ്പിക്കപ്പെട്ട സ്ഥലമായിരുന്നു പുതുക്കാട്. എങ്കിലും വ്യവസായം ഈ പ്രദേശം ഏറെ ഒന്നും മുന്നോട്ട് പോയില്ല. പ്രധനമായും കാർഷിക വൃത്തിയിലാണ് ഈ ഗ്രാമത്തിലെ ജനങ്ങൾ ഭൂരിഭാഗവും ഏർപ്പെട്ടിരുന്നത്. കേരളത്തിലെ തന്നെ ഓട് വ്യവസായ രംഗത്ത് അറിയപ്പെടുന്ന മണലി, പുതുക്കാട് മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്തെ നിരവധി തൊഴിലാളികൾക്ക് ആശ്രയം ആയിരുന്നു. 1938 ൽ അളഗപ്പനഗറിൽ ആരംഭിച്ച അളഗപ്പ ടെക്സ്റ്റയിൽസ് എന്ന സ്ഥാപനത്തിലും അനേകംപേർ തൊഴിലെടുത്ത് വരുന്നു. ചുരുക്കി പറഞ്ഞാൽ മുൻകാലങ്ങളിൽ പഞ്ചായത്തിലെ നല്ലൊരു ഭാഗം ജനങ്ങളും പഞ്ചായത്തിന് പുറത്ത് ആണ് ജോലി ചെയ്തിരുന്നത്. പഞ്ചായത്ത് പ്രദേശത്തിന് പിന്നോക്കവസ്ഥയാണു ഇതിന് കാരണം പരമ്പരാഗത കുടിൽ വ്യവസായ രംഗത്തും കുറെ സംരഭങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നു. കല്ലൊര വ്യവസായം, മൺപാത്രംനിർമ്മാണം, കുട്ട, പനമ്പ് നെയ്ത്ത്, പപ്പട നിർമ്മാണം, ആഭരണ നിർമ്മാണം എന്നിവ ആയിരുന്നു.<br><br>******* | വ്യവസായിക രംഗത്ത് വലിയ മുന്നേറ്റത്തിന് പഞ്ചായത്തിന് ഇതുവരെ സാധിച്ചിട്ടില്ല പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ ഓട് വ്യവസായം ഇന്ന് തകർച്ചയിലാണ്. അസംസ്യത വസ്തുവും കളിമൺ ലഭ്യതകുറവുമാണ് അതിനു കാരണം. എന്നാൽ പദ്ധതികളിലൂടെ സഹായം നൽകിക്കൊണ്ട് ചെറുകിട വ്യവസായങ്ങൾ പരിപ്പോഷിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കല്ലൊര വ്യവസായം വിപണന സാദ്ധ്യത ഇല്ലാതെ പാടെ നിന്ന് പോയി. ഇന്നത്തെ കോൺക്രീറ്റ് നിർമ്മാണത്തിന് ആവശ്യമായ കോൺക്രീറ്റ് കട്ടകൾ നിർമ്മിത കേന്ദ്രത്തിന്റെ നേതൃ ത്വത്തിൽ ചെങ്ങാല്ലൂർ പ്രവർത്തിച്ച് വരുന്നു. ഇന്നത്തെ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ കോൺഗ്രീറ്റ് റെഡിമിക്സ് എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ച് നടന്നു വരുന്നു. ഇതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉണ്ടാക്കുന്ന ക്രഷർ യൂണിറ്റ് 2 എണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആഭരണ നിർമ്മാണ രംഗത്തുള്ള ചെറുകിട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 500 ലേറേ പേർക്ക് ജോലി നൽകാൻ സാധിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കീഴിലുള്ള പട്ടികജാതി വ്യവസായ കേന്ദ്രത്തിൽ ടൈലറിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.പ്ലാസ്റ്റിക്ക് കുപ്പി നിർമ്മാണ കമ്പിനി വാർഡ് 8ൽ പ്രവർത്തിച്ചു വരുന്നു. കാർഷീക ഉൽപന്നങ്ങളിൽ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന ഓയിൽ മില്ലുകൾ ഇപ്പോൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിച്ചുവരുന്നു. |

| അന്ന് | ഇന്ന് |
|---|---|
| | തൊഴിൽ അവസരങ്ങൾ ധാരാളം സൃഷ്ടിക്കുന്ന തടി വ്യവസായവുമായി ബന്ധപ്പെട്ട ഫർണീച്ചർ യൂണിറ്റു പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന് പുറത്തേയ്ക്ക് ജോലി അന്വേഷിച്ച് പോകുന്നവരുടെ എണ്ണവും ഇപ്പോഴും കൂടുതലാണ്. |



# ഊർജ്ജം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് പഞ്ചായത്തിൽ കൃത്യമായി ഊർജ്ജസ്രോതസ്സ് വൈദുതി ആയിരുന്നെങ്കിലും പാഴ്മരത്തിൽ നിന്നുള്ള വിറക്, തെങ്ങിൽനിന്നുള്ള ഉൽപ്പന്നങ്ങൾ, ചപ്പ്ചവറുകൾ, എന്നീ ജൈവഇന്ധനങ്ങളും ഡീസൽ, മണ്ണെണ്ണ, ഗ്യാസ് എന്നീ വാണിജ്യ ഇന്ധനങ്ങളും ഉപയോഗിച്ചിരുന്നു. കാർഷിക ആവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിച്ചിരുന്നു. പാചക ആവശ്യങ്ങൾക്ക് വളരെ കുറച്ച് മാത്രമാണ് വൈദുതി ഉപയോഗിച്ചിരുന്നത്. 10 വാർഡുകളിലായി 887 തെരുവ് വിളക്കുകൾ ആണ് ഉണ്ടായിരുന്നത്. | പുതുക്കാട് പഞ്ചായത്ത് നിലവിൽ സമ്പൂർണ്ണമായി വൈദുതികരിച്ചാതാണ്. നിലവിൽ എല്ലാ തെരുവ് വിളക്കുകളും LED ബൾബുകൾ ആയി. ഊർജ്ജ സംരക്ഷിത മേഖലയിൽ സ്വയം പര്യപ്തത നേടുക എന്ന ലക്ഷ്യവും കൈവരിക്കുന്നതിനായി പതിനാലാം പഞ്ചവത്സര പദ്ധതി മുതൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ കെട്ടിടങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ മുന്നോടി എന്ന നിലക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ മുകളിൽ 2022–23 സാമ്പത്തികവർഷം സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. പ്രധാന സ്ഥലങ്ങൾ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. |



# സാമൂഹ്യക്ഷേമം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് പഞ്ചായത്തിന്റെ കീഴിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി പങ്ക് വഹിച്ചിട്ടുള്ള IRDP സ്കീം പ്രകാരമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി നിലനിന്നിരുന്ന പ്രസ്ഥാനമാണ് മഹിളാസമാജങ്ങൾ. പുതുക്കാട് പഞ്ചായത്തിലെ അന്ന് നിലവിൽ ഉണ്ടായിരുന്ന 10 വാർഡുകളിൽ 5 വാർഡുകളിൽ മാത്രമാണ് മഹിളാസമാജങ്ങൾ പ്രവർത്തിച്ചിരുന്നത്. ഭിന്നശേഷിക്കാർ,വൃദ്ധർ, വിധവകൾ എന്നിവർക്കായുള്ള പ്രത്യേക പദ്ധതികൾ ഒന്നും ഉണ്ടായിരുന്നില്ല. | സാമൂഹ്യക്ഷേമരംഗത്ത് ICDSന്റെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും അങ്കണവാടികൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും, വിദ്യഭ്യാസത്തിനും ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. കുട്ടികളിലെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ പോഷകാഹാര പദ്ധതികളും നടപ്പിലാക്കി വരുന്നു. നിലവിൽ പഞ്ചായത്തിന്റെ കീഴിൽ 22 അങ്കണ വാടികൾ ഉണ്ട്. 21 എണ്ണം സ്വന്തമായ സ്ഥലത്തും ഒരു അങ്കണവാടി വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് 15 വാർഡുകളിലും തണൽ സംഘടനയിലൂടെ വയോജന ക്ലബ്ബുകൾ രൂപീകരിച്ച് വയോജനക്ഷേമ പ്രവർത്തനം നടത്തി വരുന്നു.1,12,13,14,15 എന്നീ വാർഡുകളിലായി നിലവിൽ 5 പകൽവീടുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ പ്രവർത്തിച്ചു വരുന്നു. ഭിന്നശേഷിക്കാർക്കായി പെൻഷനുകളും, സ്കോളർഷിപ്പുകളും നൽകി വരുന്നു. |




ദൃശ്യ അങ്കണവാടി

# പാർപ്പിടം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് ഗ്രാമപഞ്ചായത്തിൽ 1996- കാലഘട്ടത്തിൽ സാധാരണക്കാരുടെ ഭവനങ്ങൾ ഭൂരിഭാഗവും ഓടിട്ടതായിരുന്നു. കേന്ദ്രസർക്കാരിന്റെ ഭവനപദ്ധതിയായ ഇന്ദിര ആവാസ് യോജന, സംസ്ഥാന സർക്കരിന്റെ ഇ.എം.എസ് ഭവന പദ്ധതി എന്നിവ നിലവിൽ വന്നതോടുകൂടി ഭൂരിഭാഗം വീടുകളും കോൺക്രീറ്റ് ഭവനങ്ങൾ ആയി മാറി.<br>പുതുക്കാട് പഞ്ചായത്തിൽ കുറുമാലി പ്രദേശത്ത് ഹൈവേയോട് പുറമ്പോക്കിൽ ഏകദേശം 12-ഓളം വീടുകൾ ഉണ്ടായിരുന്നു. ഓലമേഞ്ഞ കുടിലുകളിലായിരുന്നു ഇവർ താമസിച്ചിരുന്നത്. പിന്നീട് പ്രസ്തുത കുടുംബങ്ങളെ കണ്ണമ്പത്തൂർ പഞ്ചായത്ത് വാങ്ങി നൽകിയ 4 സെന്റ് വീതമുള്ള പ്രദേശങ്ങളിലെ കോളനികളിലേക്ക് പുനരധിവസിപ്പിച്ചു.<br>പഞ്ചായത്തിലെ പ്രധാന കോളനികൾ സൂര്യഗ്രാമം, നരശില, രണ്ടാംകല്ല്, സ്നേഹപുരം, കണ്ണമ്പത്തൂർ, ചാക്കോച്ചിറ, തെക്കെതൊറവ്, കച്ചരയ്ക്കൽ, വടക്കെതൊറവ്, പഞ്ചായത്ത് കിണർ പരിസരം എന്നീ ഭാഗങ്ങളിലേക്ക് 1996 കാലഘട്ടത്തിൽ മേൽപറഞ്ഞ കോളനികളിലും എസ്. സി ആവാസ കേന്ദ്രങ്ങളിലേയ്ക്കും വീടുകൾ ഓടുമേഞ്ഞതുണ്ടെങ്കിലും ഭൂരിഭാഗവും വാസയോഗ്യമല്ലാത്തവയും ആയിരുന്നു. ഭവനത്തോടൊപ്പം ശുചിത്വമുള്ള കുടിവെള്ള ശ്രോതസ്സുകളും വൃത്തിയുള്ള ടോയ്‌ലറ്റ് എന്നിവയും കുറവായിരുന്നു.<br>****** | നിലവിൽ പഞ്ചായത്തിലെ സ്ഥിതി വളരെ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഒഴിചച്ചുകൂടാൻ കഴിയാത്ത ഒന്നാണ് പാർപ്പിടം. അതോടൊപ്പം വൃത്തിയുള്ള പരിസരവും അത്യതാപേക്ഷിതമാണ്.<br>1995-1996 കാലഘട്ടം മുതൽ 2015-16വരെയുള്ള കാലഘട്ടത്തിൽ ഐ,എ.വൈ, ഇ.എം.സ്. , ജെ.ആർ.വൈ ഭവന പദ്ധതിയിലൂടെ ജനറൽ, എസ്.സി, മൈനോരിറ്റി വിഭാഗത്തിൽപ്പെട്ട നിരവധി ഭവനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്, 1995-96 മുതൽ 2003-04 വരെയുള്ള കാലഘട്ടത്തിൽ 102 ഭവനങ്ങൾ വിവിധ വിഭാഗങ്ങൾക്കായി നൽയിട്ടുണ്ട് 2018ലെ പ്രളയത്തിൽ രജിസ്റ്റർ കുറെ ഭാഗം നശിച്ചു പോയിട്ടുണ്ട്. 2004-2005 മുതൽ 2015-16 കാലഘട്ടങ്ങളിൽ 324 ഭവനങ്ങൾ നൽകിയിട്ടുണ്ട് ഇതിൽ പൊതുവിഭാഗം, ന്യൂനപക്ഷ സമുദായങ്ങൾ, പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.<br>2011 കാലഘട്ടം മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ ജനറൽ, മൈനോരിറ്റി എസ്.സി വിഭാഗങ്ങൾക്കായി 278 ഭവനങ്ങൾ അനുവദിച്ചിട്ടുണ്ട്. ( ജനറൽ 20, മൈനോരിറ്റി 60, എസ്. സി 128 ) 2016 - 17 സാമ്പത്തിവർഷം മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിൽ പി. എം.എ വൈ പദ്ധതി പ്രകാരം 10ഭവനങ്ങൾ വിവിധ വിഭാഗങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.<br>2021-22 സാമ്പത്തികവർഷം 46 ഭവനങ്ങൾ പി.എം.എ.വൈ പദ്ധതിയി ലൂടെ അനുവദിച്ചിട്ടുണ്ട് ( 2 ജനറൽ 4 എസ്.സി) ഭവനപുനരുദ്ധാരണം നടക്കു ന്നതായി 2016-17 സാമ്പത്തികവർഷം മുതൽ 375 ഭവനങ്ങൾക്ക് ജനറൽ, എസ്. സി |

| അന്ന് | ഇന്ന് |
| --- | --- |
| | വിഭാഗ ങ്ങൾക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നവകേരള മിഷ്യൻ കർമ്മപദ്ധതിയിൽ മുഖ്യമായ മിഷനാണ് ലൈഫ് മിഷൻ ആളുകളുടെ ജീവനോപാധി നിലനിർത്തികൊണ്ട് വാസയോഗ്യമായ ഭവനങ്ങൾ നൽകുക എന്ന ആശയത്തോടെ നിലവിൽ വന്ന പദ്ധതി. ലൈഫ് ഒന്നാംഘട്ടം പൂർത്തിയാകാത്ത ഭവനങ്ങളുടെ പുർത്തീകരണം പുതുക്കാട് പഞ്ചായത്തിൽ ഇ.എം.എസ്സ് ഭവന പദ്ധതിയുടെ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാതെ കിടന്ന ഭവനം പൂർത്തീകരിച്ചു. ലൈഫ് രണ്ടാംഘട്ടം ഭൂമിയുള്ള ഭവന രഹിതർ ലിസ്റ്റിൽ ഉൾപ്പെട്ട ജനറൽ, എസ്.സി വിഭാഗത്തിൽ അർഹതനേടിയ 33 ഭവനങ്ങൾ പൂർത്തൂകരിച്ചു-ലൈഫ് മിഷ്യൻ മൂന്നാം ഘട്ടം ഭൂരഹിത ലിസ്റ്റിൽ 107 പേർ അർഹത നേടിയിരുന്നു. ഫ്ളാറ്റ് നിർമ്മാണം നടത്താൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഭൂമി വാങ്ങൽ പദ്ധതിയിലൂടെ 32 പേർക്ക് സ്ഥലം വാങ്ങാൻ ധനസഹായം അനുവദിച്ചു, ലൈഫ് ഭവന നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം അനുവദിച്ച ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനും ധനസഹായം നൽകി. ജനറൽ, പട്ടികജാതി ഗുണഭോക്താൾക്കാണ് ഇങ്ങനെ ധനസഹായം നൽകിയിട്ടുള്ളത്. പട്ടിജാതി വികസനവകുപ്പിൽ നിന്നും കൈമാറിയ അഡീഷണൽ ലിസ്റ്റിൽ ഭൂമിയുള്ള ഗുണഭോക്താക്കൾ 23 പേർ ഉണ്ടായിരുന്നു. ഇതിൽ 20പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം നടത്തിവരുന്നു. പട്ടികജാതി അഡിഷണനൽ ലിസ്റ്റ് ഭൂരഹിതർ ലിസ്റ്റിൽ 13 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇർക്ക് നിലവിൽ പദ്ധതി വച്ചിട്ടില്ല. |

| വർഷം | ലൈഫ് GL | ലൈഫ് SC | ഭവന പുനരുദ്ധാരണം SC | ഭവന പുനരുദ്ധാരണം GL | വാട്ടർ കണക്ഷൻ | കിണർ ശുചിത്വമാക്കൽ GL | കിണർ ശുചിത്വമാക്കൽ SC | IHHL | Toilet Retro Fitting | സ്വയം തൊഴിൽ | Life സ്ഥലം വാങ്ങൽ GL | Life സ്ഥലം വാങ്ങൽ SC | മഴ വെള്ള കൊയ്ത്ത് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2019-20 | 7 | 6 | 50 | 30 | 20 | - | - | - | - | - | - | - | - |
| 2020-21 | 5 | 3 | 29 | 50 | 2 | 5 | 3 | 6 | 14 | - | 22 | 10 | - |
| 2021-22 | 15 | 20 | 18 | 27 | - | 2 | 9 | 2 | 31 | - | - | - | 50 |
| 2022-23 | 10 | 17 | 53 | 45 | - | - | - | - | 60 | 11 | - | - | - |
| 2023-24 | 13 | 6 | 60 | 76 | - | - | - | 11 | 78 | 14 | - | - | - |

| അന്ന് | ഇന്ന് |
| --- | --- |
| | ലൈഫ് 2020 ഓൺലൈനിൽ സ്വീകരിച്ച അപേക്ഷകളിൽ പുതുക്കാട് പഞ്ചായത്തിൽ 506 അപേക്ഷകളുണ്ട് മറ്റു പഞ്ചായത്തുകളിൽ നിന്നും ട്രാൻസ്ഫർ ആയി വന്ന ഗുണഭോക്താക്കൾ ഉൾപ്പെടെ ഇതിൽ ഭൂമിയുള്ളവർ 341– ഭൂമിരഹിതർ –165 രണ്ടു ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പാക്കാനുള്ള ലക്ഷ്യത്തോടെ പഞ്ചായത്ത് മുമ്പോട്ടു പോകുന്നു. |





# സംസ്കാരം

| അന്ന് | ഇന്ന് |
|---|---|
| കാർഷികമായ ഉൽപാദനം ഉപജീവനമായിരുന്നു നമ്മുടെ സംസ്ക്കാരത്തിന്റെ അടിസ്ഥാനം. ഭക്ഷണം,വസ്ത്രധാരണം, ഗൃഹനിർമ്മാണം, ആരോഗ്യ സംരക്ഷണം, ആചാര മര്യാദകൾ, വിശ്വാസക്രമങ്ങൾ, സാമൂഹിക സമ്പർക്കങ്ങൾ, മതാനുഷ്ഠാനങ്ങൾ കാർഷികേതര ഉൽപാദന മേഖലകൾ എന്നിവയെല്ലാം തന്നെ സാംസ്കാരിക പ്രവർത്തനത്തിന്റെ വേദികളായിരുന്നു. പുതിയ മാറ്റത്തിന് അനുകൂലമായ ബോധവൽക്കരണവും സമൂഹ വിദ്യാഭ്യാസ പരിപാടിയുമാണ് സാംസ്കാരിക പ്രവർത്തനത്തിന് മുന്നോടിയായി തീരേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന പ്രസ്ഥാനങ്ങൾ, കലാസമിതികൾ, സ്പോർട്ടസ് ക്ലബ്ബുകൾ, സമുദായ സംഘടനകൾ, ഫിലിം ക്ലബ്ബുകൾ എന്നിവയ്ക്ക് ഈ തലമുറയിൽ ഫലപ്രദമായി പ്രവർത്തിക്കാനാകും. നാളിതുവരെ ചരിത്രം പരിശോധിച്ചാൽ സാംസ്കാരിക നവോത്ഥാനത്തിന് മൂലകാരണമായിട്ടുള്ളത് സമൂഹ വിദ്യാഭ്യാസമാണെന്ന് കാണാം. ശതാബ്ദിയാഘോഷിച്ച പുതുക്കാട് ഗവ:ഹൈസ്കൂൾ, പ്ലാറ്റിനം ജൂബിലിയാഘോഷിച്ച സെന്റ് ആന്റണീസ് ഹൈസ്കൂൾ എന്നവ ഒല്ലൂരിനും കൊടകരക്കു മിടക്കുണ്ടായിരുന്ന ആദിമ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇവയും പിന്നീട് ആരംഭിച്ച മറ്റുവിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിന്റെ കെടാവിളക്കുകളായി ഇന്നും പ്രശോഭിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റ | പുതുക്കാട് പഞ്ചായത്തിലെ പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി, ചെങ്ങാലൂർ കർമ്മലമാത പള്ളി, സ്നേഹപുരം സെന്റ് ജോസഫ് പള്ളി, തൊറവ് സെന്റ് ആന്റണീസ് പള്ളി എന്നീ ക്രിസ്ത്യൻ പള്ളികളും, കുറുമാലിക്കാവ് ഭഗവതിക്ഷേത്രം, സ്വാമിയാർകുന്ന് ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, വള്ളിക്കുന്ന് മഹാവിഷ്ണു ക്ഷേത്രം, നരിപറ്റ ശിവക്ഷേത്രം, തെക്കേതൊറവ് പള്ളത്തപ്പൻ ക്ഷേത്രം, ഉഴലൂർ കാർത്ത്യായനി ക്ഷേത്രം, ചെങ്ങാലൂർ എടത്തൂട്ട് ശിവക്ഷേത്രം, ഈശ്വരമംഗലം ശിവക്ഷേത്രം, മലപ്പുറത്ത് ശ്രീ കുരുംമ്പ ഭഗവതിക്ഷേത്രം, കുണ്ടുകടവ് നരശില മഹാദേവക്ഷേത്രം, തൊട്ടുകുളങ്ങര ക്ഷേത്രം ശാന്തി നഗർ, വിളണക്കപ്പാടി ശിവക്ഷേത്രം, മറവാഞ്ചേരി ശിവക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളും പ്രധാനപ്പെട്ട ദേവാലയങ്ങൾ ആണ്. ഈ ദേവാലയങ്ങളിൽ അരങ്ങേറാറുള്ള ഉത്സവങ്ങൾ തിരുന്നാൾ എന്നിവയിൽ ജാതിമതഭേതമന്യേ എല്ലാ ജനവിഭാഗങ്ങളും പങ്കെടുത്തു വരുന്നു. സംസ്കാര മേഖലയിൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നവ ദൃശ്യമാധ്യമങ്ങൾ പ്രചാരത്തിലായതോടെ അതിന്റെ സ്വാധീനം സാംസ്കാരിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ദൃശ്യമാധ്യമങ്ങളുടെയും, സമൂഹമാധ്യമങ്ങളുടെയും വരവോട് കൂടി ലോകത്തിൽ എവിടെയും നടക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങൾ വളരെ പെട്ടെന്ന് നമുക്ക് അനുഭ |

| അന്ന് | ഇന്ന് |
|---|---|
| ത്തിന് നമ്മുടെ പഞ്ചായത്തിന്റെയും അഭിമാനിക്കാവുന്ന സംഭാവനകളുണ്ട്. ചങ്ങരം കോത കർത്താക്കൻമാർ, നടുവം കവികൾ തുടങ്ങി പഴയ തലമുറക്കാരായ കവി പ്രമുഖരും കുട്ടികൃഷ്ണൻമാരാർ, എൻ.വി. കൃഷ്ണൻ വാര്യർ,എം .കെ. മേനോൻ ( വിലാസിനി), ആനി തയ്യിൽ എന്നീ പ്രതിഭാശാലികളും ഈ നാട്ടിൽ ജനിച്ച് ജീവിച്ചവരോ ഈ നാടുമായി ബന്ധപ്പെട്ടവ രോ ആണ്.<br>അമ്പതുകളിൽ വായനശാല പ്രസ്ഥാനത്തിന് കേരളത്തിൽ അത്ര കണ്ട് വികാസമില്ലാതിരുന്ന കാലത്ത് പുതുക്കാടും ചെങ്ങാലൂരും നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഗ്രാമീണ വായനശാലകളുണ്ടായിരുന്നു. ഇപ്പോൾ അവയുടെ സ്ഥാനത്ത് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പനമ്പിള്ളി മെമ്മോറിയൽ വായനശാലയാണുള്ളത്. 4540 പുസ്തകങ്ങളുള്ള പ്രസ്തുത ലൈബ്രറി സാമാന്യം ഭേദമായി പ്രവർത്തിക്കുന്നു. ഏതാനും നാളുകൾക്കു മുമ്പ് ചെങ്ങാലൂർ ശ്രീനാരായണ പുരത്തുണ്ടായിരുന്ന എസ്. എൻ. തിയ്യറ്റേഴ്സ്, തൊറവ് മേഖലയിൽ പ്രവർത്തിക്കുന്ന കേരള കലാസമിതി, യുഗസന്ധ്യ ക്ലബ്ബ് എന്നിവ ഇന്ന് പേരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. വടക്കെ തൊറവിലെ ഫ്രൻസ് ക്ലബ് ഇന്ന് ഓർമ്മകളിൽ മാത്രം ജീവിക്കുന്നു.എഴുപതുകളുടെ അവസാനം രൂപം കൊണ്ടനളന്ദ ആർട്ട്സ് സൊസൈറ്റി രണ്ട് പതിറ്റാണ്ടുകാലം പുതുക്കാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഒരു വലിയ പ്രസ്ഥാനമായിരുന്നു. നാടകാവതരണത്തിന് ഓഡിറ്റോറിയം ഇല്ലാത്തതിനാൽ | വവേദ്യമാക്കുവാൻ സാധിക്കുന്നുണ്ട്. അതോടൊപ്പം നമ്മുടെ ഗ്രാമീണ സംസ്കൃതി നമ്മളിൽ നിന്നഅകന്ന് തുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക രംഗത്ത് വിലപ്പെട്ട സംഭാവന നൽകിയ താഴെ പറയുന്ന മുൻമന്ത്രി കെ.ടി. അച്ചുതൻ വക്കീൽ, ശ്രീ. പി. പി. ജോർജ്ജ് മാസ്റ്റർ എന്നിവരും മുൻ എം.എൽ.എ. സി.ജി. ജനാർദ്ദനൻ, ശ്രീ നാരായണ ഗുരുദേവന്റെ ശിഷ്യൻ മാരിൽ പ്രമുഖനായ ശങ്കരാനന്ദ സ്വാമികൾ തുടങ്ങിയവർ പുതുക്കാടിന്റെ സംഭാവനകളായിരുന്നു.<br><br>***** |

| അന്ന് | ഇന്ന് |
|---|---|
| ഇന്ന് പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ശാന്തിനഗർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശാന്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബും, കൂട്ടം ചെങ്ങാലൂരും ഭേദപ്പെട്ട സാംസ്കാരിക പ്രവർത്തനം ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നു. വളരെ പ്രശസ്തമായി നടന്നിരുന്ന തുഷാരഫിലിം സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചതിനെ തുടർന്ന് രൂപം കൊണ്ട കോറസ് ഫിലിം സൊസൈറ്റിയും ഇന്നില്ല. കായികരംഗത്ത് സംസ്ഥാന തലത്തിൽ അംഗീകാരം നേടിയ ചിലരെങ്കിലുംനമുക്കുണ്ടായിരുന്നു. അറുപതുകളിൽ പ്രശസ്തമായിരുന്നു YMCA ക്ലബ്ബും, ബാഡ്മിറ്റൺ രംഗത്ത് വളരെയേറെ ശ്രദ്ധിക്കപ്പെട്ടിരുന്ന ഒരു പ്രസ്ഥാനമായിരുന്നു. കലാരംഗത്ത് അക്കാലത്ത് പ്രശസ്തമായിരുന്ന ദേശീയ കലാസമിതി പുതുക്കാടിന് ഒരു അഭിമാനമായിരുന്നു. ഇവ രണ്ടും ഇന്ന് കഥാവശേഷമായി. പുതുക്കാട് പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന ഫാ. ജോസഫ് ചാഴൂരിന്റെ നാമധേയത്തിൽ നടന്നിരുന്ന അഖിലകേരള ബാസ്ക്കറ്റ് ബോൾ ടൂർണ്ണമെന്റ് പുതുക്കാട് നല്ല നിലയിൽ സംഘടിപ്പിച്ചിരുന്നു. ഇന്നും അഖില കേരളാടിസ്ഥാനത്തിൽ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്ന സ്റ്റാർസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പുതുക്കാടിലെ കായികപ്രേമികളുടെ ആശാകേന്ദ്രമാണ്. മുകളിൽ സൂചിപ്പിച്ച പ്രസ്ഥാനങ്ങൾ എല്ലാം തന്നെ 1950 കൾക്കു ശേഷം പുതുക്കാട് പഞ്ചായത്തിലെ | |

| അന്ന് | ഇന്ന് |
| --- | --- |
| സാമൂഹ്യ - സാംസ്കാരിക മണ്ഡലത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ബഹുജനകളാണ്. ഇവയ്ക്കെല്ലാം പുറമെ ലയൺസ് ക്ലബും ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.<br>പുതുക്കാട് പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വുണ്ടാകുവാൻ നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ സജീവമാക്കുകയും പുതിയവ ഉദയം കൊള്ളുകയും ചെയ്യേണ്ടതുണ്ട്. പഞ്ചായത്ത് വായനശാലയുടെ വിപുലീകരണം കലാകായിക സമിതികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനസഹായങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തേണ്ട കാര്യങ്ങളാണ്. സാമൂഹ്യ നീതിക്കു വേണ്ടിനിലകൊള്ളുന്നതിനുള്ള ആത്മാർത്ഥതയും അർപ്പണ ബോധവും യുവതി യുവാക്കളിൽ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനം, മദ്യം, മയക്കുമരുന്ന് ഇവയെല്ലാം മലയാള മണ്ണിന്റെ മഹത്തായ പൈതൃകത്തിന് കളങ്കമേൽപ്പിച്ചു കൊണ്ടിരിക്കുന്നു. സാംസ്കാരികരംഗത്തെ ഈ മൂല്യ ശോഷണം ചെറുക്കപ്പെടേണ്ടതു തന്നെയാണ്.<br>********* | |



പുതുക്കാട്  സെന്റ് ആന്റണീസ് ഫൊറോന പള്ളി




കുറുമാലിക്കാവ് ഭഗവതി ക്ഷേത്രം

# കുടുംബശ്രീ സംവിധാനം

| അന്ന് | ഇന്ന് |
|---|---|
| ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ട് 1998 ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്ക്കരിച്ച സംവിധാനമാണ് കുടുംബശ്രീ. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ആണ് ഈ പ്രോജക്ട് നടത്തുന്നത്. നബാർഡിന്റെ സഹായത്തോടെയുള്ള സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന നിലയിലാണ് കുടുംബശ്രീപദ്ധതി രൂപീകൃതമായത്.<br>പുതുക്കാട് പഞ്ചായത്തിൽ ജനസംഖ്യയിൽ അധികം വരുന്നത് വനിതകളാണ്. എന്നിരുന്നാലും തൊഴിൽ പരമായി ഇവർ ഏറെ പിന്നിലാണ്. ജോലി എടുക്കുന്നവരിൽഭൂരിപക്ഷം സ്ത്രീകളും കാർഷിക മേഖലയാണ് തെരഞ്ഞെടുത്തിരുന്നത്. സ്ത്രീകളുടേതായ തൊഴിൽസംരഭങ്ങളും,വ്യവസായ യൂണിറ്റുകളും വളരെ കുറവായിരുന്നു. പൊതു സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കാൻ സ്ത്രീകൾക്ക് പൊതുവേ താത്പര്യമില്ലായിരുന്നു. ഭൂരിപക്ഷം സ്ത്രീകളും കുടുംബങ്ങളിൽ ഒതുങ്ങി കഴിയുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്.<br>******* | കഴിഞ്ഞ കാലഘട്ടത്തിലെ വിവിധതരം പ്രവർത്തനങ്ങൾ വഴി സ്ത്രീകൾക്ക് സാമൂഹികവും,സാമ്പത്തികവും,സാംസ്കാരികവുമായ പുരോഗതി നേടുന്നതിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്.വിദ്യാഭ്യാസപരമായും,ഉന്നതജോലികരസ്ഥമാക്കുന്ന കാര്യത്തിലും ഇന്ന് സ്ത്രീകൾ മുന്നിലാണ്. ജോലി സംബന്ധമായ ഏത് മേഖലയിലും സ്ത്രീകളുടെ സാന്നിദ്ധ്യം കൂടുതലാണ് ഇന്ന്. സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാൻ വനിതകളെ പ്രാപ്തരാക്കാൻ കുടുംബശ്രീ സംവിധാനം വഴി സാധിച്ചു. പുതുക്കാട് പഞ്ചായത്തിൽ 186 കുടുംബശ്രീ യൂണിറ്റുകളുണ്ട്. 2677 അംഗങ്ങളും ഏകദേശം 2300 ഓളം കുടുംബങ്ങളും ഈ സംവിധാനത്തിൽ ഭാഗമാണ്. അതിൽ തന്നെ 591 എസ്. സി. അംഗങ്ങളും 5 എസ്.റ്റി അംഗങ്ങളുമാണ് ഉള്ളത്. കൂടാതെ 12 വയോജന അയൽകൂട്ടങ്ങളും 5 ഭിന്നശേഷി അയൽക്കൂട്ടങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 14 ബാലസഭകൾ ഉണ്ട്. സ്ത്രീകളും, കുട്ടികളും സമൂഹത്തിൽഅഭിമുഖീകരിക്കുന്നപ്രശ്നങ്ങൾക്ക് പരിഹാരമായി അവർക്ക് ആത്മവിശ്വാസവും, കരുത്തുംനൽകുന്നതിനായി ജെൻഡർ റിസോഴ്സ് സെന്ററിൽ കൗൺസിലിംഗ് നടത്തി വരുന്നുണ്ട്. അഗതി രഹിത |

| അന്ന് | ഇന്ന് |
| --- | --- |
| | കേരളംപദ്ധതിയിലൂടെനിരാലംബരുംനിരാശ്രയരുമായ113കുടുംബങ്ങൾക്ക് പോഷകാഹാര കിറ്റ് ആവശ്യമുള്ളവർക്ക് മരുന്ന് എന്നിവ മുടങ്ങാതെ നൽകി വരുന്നു. സി.ഡി. എസിൽ ഒരു സാന്ത്വനം വാളണ്ടിയർ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് ഓരോ വാർഡിൽ നിന്നും 2 പേർക്ക് വീതം പരിശീലനം നൽകിയിട്ടുണ്ട്. അവരുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോകുന്നുണ്ട്. കഴിഞ്ഞ വർഷം ജില്ലാമിഷൻ വഴി 1,17,65156 രൂപയാണ് കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചത്. കുടംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ബാങ്കുകൾ നൽകി വരുന്ന വായ്പകൾ കൂടാതെ പലിശ നിരക്ക് കുറഞ്ഞ എസ്.വി.ഇ.പി വായ്പകളും, സി.ഡി.എസ് വഴി ലഭിക്കുന്ന പലിശ രഹിത വായ്പകളും. നൽകി വരുന്നു. മാരകമായ അസുഖം ബാധിച്ച കുടുംബശ്രീ അംഗങ്ങൾക്ക് സ്നേഹനിധി പദ്ധതി പ്രകാരം ധനസഹായവും നൽകി വരുന്നു. കുടുംബശ്രീ യൂണിറ്റുകളിൽ അംഗമല്ലാത്ത 18 മുതൽ40 വയസ്സ് വരെയുള്ള വനിതകളെ ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ARISE പദ്ധതിയുടെ ഭാഗമായി |

| അന്ന് | ഇന്ന് |
|---|---|
| | നിരവധി പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകി. DDUGKY പദ്ധതി പ്രകാരം പരിശീലനത്തോടൊപ്പം 44 പേർക്ക് ജോലി നൽകാൻ സാധിച്ചു. പുതുക്കാട് സി.ഡി.എസ്ന്റെ കീഴിൽ 24 J.L.G ഗ്രൂപ്പുകളിലായി 100 അംഗങ്ങൾ വിവിധതരം കൃഷികൾ നടത്തി വരുന്നു. ഇവർക്ക് ലഭ്യമാകുന്ന മുറക്ക് സബ്സിഡികൾ വിതരണം ചെയ്യുന്നു. 7 J.L.G ഗ്രൂപ്പുകൾക്ക് കൃഷിക്ക് അനുയോജ്യമായ ടൂൾ കിറ്റും നൽകിയിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായങ്ങളുംഅയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>ഫാഷൻ ഡിസൈനിംഗ്, ടൈലറിംഗ്, ചിപ്സ് നിർമ്മാണം, നഴ്സറി, പപ്പടം നിർമ്മാണം, ബേക്കറി പലഹാരനിർമ്മാണം തുടങ്ങി ഒട്ടേറെ വ്യക്തിഗത സംരംഭങ്ങളും, പഞ്ചായത്തിന്റെ വനിതാവ്യവാസയ കേന്ദ്രത്തിൽ കാരിബാഗ്, തുണിസഞ്ചി നിർമ്മാണം, ടൈലറിംഗിനും വേണ്ടി 4 എസ്.സി. യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ചു പോരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ നിരവധി സ്ത്രീകൾക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തുല്യ പ്രാധാന്യത്തോടെ തന്നെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ സ്വന്തം അവസ്ഥയെയുംഅധികാരഘടനയേയും തങ്ങളുടെ വ്യക്തിപരവും |

| അന്ന് | ഇന്ന് |
|---|---|
| | സാമൂഹ്യ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുവാനും കുടുംബശ്രീ പ്രവർത്തകർക്ക് സാധിച്ചു. എല്ലാറ്റിനുമുപരിയായി പഞ്ചായത്ത് ഭരണ സമിതിയുടെ സഹകരണവും കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കി. |

# തൊഴിലുറപ്പ് പദ്ധതി

തൊഴിൽ ഇല്ലായ്മ മൂലം ദാരിദ്ര്യം അനുഭവിക്കുന്ന പാവപ്പെട്ട ജനവിഭാഗത്തിന് തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിന് 07.09.2005 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. 01.04.2008 ലാണ് ഈ പദ്ധതി വഴി രാജ്യത്ത് പ്രവർത്തികൾ ആരംഭിച്ചത്. അവിദഗ്ദ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നു. അതോടൊപ്പം തന്നെ ഉൽപാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക. പരിസ്ഥിതി സംരംക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നിവയും ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഗ്രാമ സഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ സാമൂഹിക ആഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽ നോട്ടത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്വം എന്നീ കാര്യങ്ങളാൽ ജനകീയ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലീക അവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും പൊതു ജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി ചുമതലകളും ഉത്തവാദിത്വങ്ങളും പാലിക്കേണ്ടവയായിട്ടുണ്ട്. തൊഴിലിനിടെ സംഭവിക്കുന്ന അപകടങ്ങൾക്ക് ചികിത്സാ സഹായവും നൽകുന്ന രീതിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. തൊഴിലിനിടയിൽ ഉണ്ടാകുന്ന മരണത്തിന് 25000 രൂപ ധനസഹായവും ഈ പദ്ധതി വഴി ഉറപ്പു നൽകുന്നു. തൊഴിൽ സ്ഥലങ്ങളിൽ കുട്ടികളെ പരിചരിക്കുന്നതിന് സൗകര്യം, കുടിവെള്ളം, പ്രാഥമിക ചികിത്സക്കായുള്ള മരുന്നുകളുടെ സജ്ജീകരണം, ജോലിയുടെ മോണിറ്ററിംഗ് എന്നിവയും സംസ്ഥാനത്തിന്റെ ചുമതലകളിൽ പെടുന്നവയാണ്. ജനറൽ വിഭാഗത്തിൽ പെട്ടവർക്കും പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്കും ഈ പദ്ധതി വഴി 100 തൊഴിൽ ദിനങ്ങളും ഓരോ തൊഴിൽ ദിനത്തിനും 291 രൂപ വേതനവുമാണ് നിലവിൽ ലഭിച്ചു വരുന്നത്. അത് ഈ സാമ്പത്തിക വർഷം മുതൽ 311 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് ഒരു സാമ്പത്തിക വർഷം 150 തൊഴിൽ ദിനങ്ങൾ ലഭിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 820 പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും 2 പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും 2069 ജനറൽ വിഭാഗത്തിൽ പെട്ടവർക്കും ഉൾപ്പെടെ ആകെ 2891 അംഗങ്ങൾക്കായി 47256 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിൽ 220.67 ലക്ഷം രൂപയാണ് തൊഴിലുറപ്പ് പദ്ധതി വഴി ചിലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടിക ജാതി വിഭാഗത്തിൽ പെട്ട135 പേരും ജനറൽ വിഭാഗത്തിൽപെട്ട 167 പേരും 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചു.

ഈ പദ്ധതി വഴി വൃക്ഷതൈ നടൽ, മഴക്കുഴി നിർമ്മാണം, മണ്ണ്, ജലസംരക്ഷണം, ഭൂവികസനം, കുളം നിർമ്മാണം, കുളങ്ങളുടെ പുനരുദ്ധാരണം, ചെക്ക് ഡാം നിർമ്മാണം, മുളകൃഷി, ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, അഴുക്കുചാൽ നിർമ്മാണം, തോടുകളുടെ ആഴം കൂട്ടി കയർ ഭൂവസ്ത്രം സ്ഥാപിക്കൽ, സോക്പിറ്റ് നിർമ്മാണം, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, തീറ്റപുൽ കൃഷി, കോഴികൂട് നിർമ്മാണം, കിണർ റീച്ചാർജിംഗ് എന്നിവയും നടപ്പിലാക്കുന്നു.

**ഈ പദ്ധതി വഴി നടത്തിയ** Innovative Project

നഴ്സറി നിർമ്മാണം, വനവൽക്കരണം, പച്ചതുരുത്ത് നിർമ്മാണം, ഭവന നിർമ്മാണം, കിണർ നിർമ്മാണം, കിണർ റീച്ചാർജ്ജിംഗ്, ഫാം പോണ്ട്, മത്സ്യകുളം, കല്ലുകയ്യാല നിർമ്മാണം, തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കൽ, തെങ്ങിൻ തൈ നടീലും പരിപാലനവും, സോക്ക്പിറ്റ് നിർമ്മാണം, കമ്പോസ്റ്റ് പിറ്റ്, കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, റോഡ് കോൺഗ്രീറ്റിംഗ്, ചകിരിവല ഉപയോഗിച്ചുള്ള തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, തീറ്റപുൽ കൃഷിക്ക് നിലം ഒരുക്കൽ, മിനി എം.സി.എഫ് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, റെയിൽവെ ഭൂവികസനം വനവൽക്കരണം
( കൺവർജൻസ് റെയിൽവെ), പുതിയ മൺറോഡ് നിർമ്മാണം (ലക്ഷം വീട് കോളനി റോഡ്)

# ഗതാഗതം

| അന്ന് | ഇന്ന് |
|---|---|
| റെയിൽവെ പാത കടന്ന് പോവുകയും റെയിൽവെ സ്റ്റേഷൻ ഉണ്ടാവുകയും ചെയ്യുന്ന കേരളത്തിലെ അപൂർവ്വ പഞ്ചായത്തുകളിൽ ഒന്നാണ് പുതുക്കാട് പഞ്ചായത്ത്. പഞ്ചായത്തിൽഏകദേശം 3 കി.മി. റെയിൽവേ ലൈൻ ആണ്ഉള്ളത്. രാജ്യത്തെ ഏറ്റവും നീളം കൂടിയ നാഷ്ണൽ ഹൈവെ കളിൽ ഒന്നായ NH 544 (പഴയത് NH 47) കടന്ന് പോകുന്നത് പുതുക്കാട് പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് കൂടിയാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള പൊതുമരാമത്ത് റോഡുകളുടെ മൊത്തം നീളം 14 കീ.മി. ആയിരുന്നു. പുതുക്കാട് പഞ്ചായത്തിലെ റോഡ് ശൃംഖല താരതമ്യേന മെച്ചമാണെങ്കിലും റോഡുകളുടെ സ്ഥിതി ശോചനീയമാണ്. ഓവുചാലുകളും, കൾവർട്ടുകളും, പാർശ്വ സംരക്ഷണവും ഇല്ലാത്തതു മൂലം റോഡുകൾ സുരക്ഷിതമായിരുന്നില്ല. പുതുക്കാട് KSRTC സബ്ബ് ഡെപ്പോ ഉണ്ടെങ്കിലും അതിന്റെ സ്ഥിതി പരിതാപകരമായിരുന്നു. പുതുക്കാട് ബസ് സ്റ്റാന്റ് ഏകീകരണത്തിനുള്ള നടപടി ക്രമങ്ങളുടെ ഭാഗമായി ഭൂമിയുടെ അക്വിസിഷൻ വേണ്ട നടപടി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. കാലാകാലങ്ങളിൽ റോഡ് അറ്റകുറ്റ പണി നടത്തുന്നതിന് ഫണ്ട് അപര്യാപ്തമായി.<br><br>******* | PWD റോഡുകളുടെ നീളം 14km തന്നെയാണെങ്കിലും 5.64km പഞ്ചായത്തു റോഡുകൾ കോൺഗ്രീറ്റ് ചെയ്തും 56.80 km, 16:50 km ടാറിട്ടും സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്.<br>ഭൂമി അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി അളഗപ്പനഗർ പുതുക്കാട് ബസ്സ്റ്റാന്റ് 2010 ൽ നിലവിൽ വരികയും ചെയ്തു. നിലവിൽ ഫാസ്റ്റ് പാസഞ്ചർ അടക്കമുള്ള എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് സ്റ്റാന്റിൽ സ്റ്റോപ്പുള്ളതു കൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് ദീർഘദൂര യാത്രാ സൗകര്യം നിലവിലുണ്ട്. പഞ്ചായത്തിലെ ഉൾപ്രദേശത്തിലെ വാഹനസൗകര്യങ്ങൾക്കായി കുണ്ടുകടവ് തൃശ്ശൂർ ട്രാൻസ്പോർട്ട് ബസ്സ് എല്ലാ ദിവസവും ഓപറേറ്റ് ചെയ്യുന്നുണ്ട്.<br>ഭൂരിഭാഗം റോഡുകൾക്ക് സൈഡ് പ്രൊട്ടക്ഷനും, ഓവുചാലുകളും നിർമ്മിച്ചിട്ടുണ്ട്. എല്ലാവർഷവും ബഡ്ജറ്റ് വിഹിതമായി കിട്ടുന്ന MGR ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണി നടത്തി വരുന്നു. പുതുക്കാട് - ചെറുവാൾ പി ഡബ്ലയുഡി റോഡ് ആധുനിക രീതിയിലുള്ള മെക്കാടം ടാറിംഗ് നടത്തി സംരക്ഷിച്ചിട്ടുണ്ട്. പുതുക്കാടിന്റെ വാണിജ്യ കേന്ദ്രമായ ബസാർ റോഡ് നവീകരണത്തിന്റെ ഭാഗമായി ഭാഗികമായി ടൈൽ വിരിക്കുക ബാക്കി ഭാഗം മെക്കാടം ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കാൽ നട യാത്രക്കാർക്കായി നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്. പുതുക്കാട് പഞ്ചായത്തിലെ ചെങ്ങാലൂർ, കുണ്ടുകടവ്, സൂര്യഗ്രാമം, ഈ റോഡ്, മാട്ടുമല റോഡ് കേന്ദ്ര പദ്ധതിയായ PMGSY യിൽ ഉൾപ്പെടുത്തി 5 കോടി വകയിരുത്തി നിർമ്മാണം പുരോഗമിച്ചു വരുന്നു. |






WAY OUT

# സഹകരണം

113 ലെ 26 ആക്ട് പ്രകാരം ദി കോ–ഓപ്പറേറ്റീവ് ബാങ്കിംഗ് & ട്രെയിഡിംഗ് സൊസൈറ്റി ക്ലിപ്തം 580 എന്ന പേരിൽ തൊറവ് വില്ലേജ് പ്രവർത്തന പരിധി യോടുകൂടി ജനുവരി 20–ാംതിയ്യതി രജിസ്റ്റർ ചെയ്ത് 10–02–1947 ൽ പ്രവർത്തനം തുടങ്ങി.

| | |
|---|---|
| ആദ്യ പ്രസിണ്ട് | ശ്രീ. പി. സി. അന്തോണി. |
| ആദ്യ സെക്രട്ടറി | ശ്രീ. ടി.എ. അന്തോണി. |

1960 ൽ ചെങ്ങാലൂർ വില്ലേജ് കൂടി ഉൾപ്പെടുത്തി പുതുക്കാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 580 ആയി പ്രവർത്തിച്ചു തുടങ്ങി, 1975 ൽ പുതിയ ഹെഡ് ഓഫീസ് കെട്ടിടം പണിതു 1979 മുതൽ ബാങ്ക് ആയി പ്രവർത്തിച്ചു തുടങ്ങി, 1990 ൽ ചെങ്ങാലൂർ ശാന്തിനഗറിൽ ബ്രാഞ്ച് തുട ങ്ങി. 1990 ൽ ചെങ്ങാലൂർ സ്വന്തം സ്ഥലം വാങ്ങി കെട്ടിടം പണിത് പ്രവർത്തിച്ചു തുടങ്ങി.

1999 ആഗസ്റ്റ് 17 ന് ഹെഡ് ഓഫീസ് കെട്ടിടത്തിന് താഴെ ഈവനിംഗ് കൗണ്ടർ പ്രവർത്തിച്ചു തുടങ്ങി. 2000 ജനുവരി 15 ന് ഹെഡ് ഓഫീസ് കെട്ടി ടത്തിന് താഴെ നീതിമെഡിക്കൽ സ്റ്റോർ തുടങ്ങി. 27.10.2003 ൽ തൊറവ് എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങി. 26.08..2006 ൽ നിലവിലെ ഹെഡ് ഓഫീസ് കെട്ടിടം NH വീതി കൂട്ടുന്നതിന്റെ ഭാഗമായി ഒഴിഞ്ഞുകൊടുക്കേണ്ടി വരി കയും പഞ്ചായത്ത് ഓഫീസിന് എതിർവശത്തായി 4 നിലകളോടുകൂടിയ പുതിയ കെട്ടിടം കാലത്ത് 8 മണി മുതൽ വൈകീട്ട് 7 മണി വരെ 2 ഷിഫ്റ്റു കളിലായി പ്രവർത്തനം തുടങ്ങി. റബ്കോ കിടക്ക വില്പനശാല തുടങ്ങി . 05.05.2008 ൽ രണ്ടാമത്തെ നീതി മെഡിക്കൽ സ്റ്റോർ തുടങ്ങി.

07.07,2012 ൽ എടത്തൂട്ട്പാടം ബ്രാഞ്ച് തുടങ്ങി. 07.07.2012 ൽ കൊപ്ര ഡ്രയർ തുടങ്ങി. 17.12.2012 ൽ കാഞ്ഞൂർ ബ്രാഞ്ച് തുടങ്ങി. 25.8.2013 ൽ തൊറവ് ബ്രാഞ്ച് പുതിയ കെട്ടിടം ഉദ്ഘാടനം. 05.01.2018 ൽ കാഞ്ഞൂർ ബ്രാഞ്ച് കെട്ടിടം സ്വന്തം സ്ഥലത്ത്. 29.02.2018 ൽ ചെങ്ങാലൂർ ബ്രാഞ്ച് ഓഫീസ് നവീകരിച്ച കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. 05.02.2018 മുതൽ പുതുക്കാടും, ചെങ്ങാലൂരും ATM പ്രവർത്തനം തുടങ്ങി 27.04.2018ൽ എടത്തൂട്ട്പാടം ബ്രാഞ്ച് കെട്ടിടം ഉദ്ഘാടനം. എടത്തൂട്ട്പാടം നീതി മെഡിക്കൽ 2 വളം ഡെപ്പോകൾ 2019 മുതൽ ആംബുലൻസ്, മൊബൈൽ ഫ്രീസർ. 1970 മുതൽ കെ. കെ. നാരായണൻ മെമ്പറായി രു ന്നു. 1974 മുതൽ 2011 വരെയുള്ള കാലയളവിൽ 34 വർഷം പ്രസിഡണ്ട് ആയിരുന്നു.

1982 മുതൽ ക്ലാസ്സ് IV
1987 മുതൽ ക്ലാസ് III
1998 മുതൽ ക്ലാസ്സ് II
1998 മുതൽ ക്ലാസ്സ് I
2000 മുതൽ ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡ്.
04.0402013 മുതൽ ജില്ലയിൽ ആദ്യത്തെ ക്ലാസ്സ് I സൂപ്പർഗ്രേഡ് ബാങ്ക് ആയി.

1996 ൽ 3 കോടി നിക്ഷേപം, 2.6 കോടി വായ്പ, ഇപ്പോൾ 260 കോടി നിക്ഷേപം. 160 കോടി വായ്പ, 1996 മുതൽ ലാഭത്തിൽ പ്രവർഹത്തിച്ചു വരുന്നു ഡിവിഡണ്ട് നല്കി വരുന്നു.



## പുതുക്കാട് എസ്.സി. വെൽഫെയർ സഹകരണസംഘം.

## ക്ലിപ്തം നമ്പർ. R. 1468.

2016 ൽ 1468-ാം നമ്പറായി പ്രവർത്തനം ആരംഭിച്ച പുതുക്കാട് എസ്. സി. വെൽഫെയർ സഹകരണ സംഘം പട്ടികജാതിയിൽപ്പെട്ട അംഗങ്ങളുടെ ക്ഷേമവും പുരോഗതിയും ലക്ഷ്യമാക്കി കൊണ്ട് പ്രവർത്തിച്ചു വരുന്നു. സംഘം പുതുക്കാട് സെന്ററിൽ പുളിക്കൽ ഹൈപ്പർ ബസാർ ബിൽഡിങ്ങിൽ പ്രവർത്തിക്കുന്നു. ശ്രീ. സുധീർ ടി.കെ പ്രസിണ്ടന്റ് ആയ ഭരണസമിതിയാണ് ഇപ്പോൾ ബാങ്കിന്റെ പ്രവർത്തനം നടത്തിവരുന്നത്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖല.

## പുതുക്കാട് പഞ്ചായത്ത് വനിത മൾട്ടി പർപ്പസ് സഹകരണസംഘം

2002 ൽ 110-ാം നമ്പറായി രജിസ്റ്റർ ചെയ്ത് പുതുക്കാട് പഞ്ചായത്ത് പ്രവർത്തന പരിധിയായി വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി വനിത സഹകരണസംഘമായി പ്രവർത്തിച്ചു വരുന്നു. ശ്രീമതി. രജിനി സുധാകരൻ പ്രസിഡണ്ടുമായിട്ടുള്ള 11 അംഗ ഭരണസമിതിയാണ് സംഘത്തിനുള്ളത്. 5 ജീവനക്കാർ സംഘവുമായി സഹകരിച്ച് വനിതകൾ ജോലി ചെയ്ത് വരുന്നു.

# പുതുക്കാട് വ്യാപാരി വ്യവസായി സഹകരണ സംഘം

## ക്ലിപ്തം നമ്പർ. ആർ. 1153

| അന്ന് | ഇന്ന് |
|---|---|
| 2003ൽ പുതുക്കാട് വ്യാപാരി വ്യവസായി സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു.<br>മുൻ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ.പി. പി. ജോർജ്ജ് മാസ്റ്ററുടെ നേതൃത്വത്തിൽ തുടങ്ങി വെച്ച സ്ഥാപനമാണ് സംഘത്തിന്റെ പ്രവർത്തന പരിതിയിലുള്ള ചെറുകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും ഉന്നമനത്തിനുവേണ്ടിയാണ് സംഘം പ്രവർത്തനം ആരംഭിച്ചത്. 2003 ൽ ശ്രീ. സെബി കൊടിയൻ പ്രസിണ്ടായ ഭരണ സമിതിയുടെ നേതൃത്വത്തിൽ സംഘം പ്രവർത്തനം ആരംഭിച്ചു. | 2003-ൽ R 1153-ാം നമ്പർ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സംഘം ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പുതുക്കാടിന്റെ ഹൃദയ ഭാഗത്ത് പ്രവർത്തിച്ചുവരുന്നു. ഇന്ന് സംഘം എല്ലാ വിഭാഗം കച്ചവടക്കാരുടെയും. വ്യവസായികളുടേയും എല്ലാവിധ സാമ്പത്തിക കാര്യങ്ങളിലും ഇടപ്പെട്ട് നല്ല നിലയിൽ കൈകാര്യം ചെയ്തു വരുന്നു. ഈ വിഭാഗക്കാർക്ക് വായ്പകൾ വിതരണം ചെയ്യുന്നതിലും അവരുടെയിടയിൽ ചെറുസമ്പാദ്യങ്ങൾ വളർത്തുന്നതിനുള്ള പരിപാടികളും നടത്തിവരുന്നു. സംഘത്തിനുകീഴിൽ പുതുക്കാട് ബസാർ റോഡിൽ ഒരു സഹകരണ ഹൈടെക് ലാബ് 2015 മുതൽ പ്രവർത്തിച്ചുവരുന്നു. സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾക്ക് വളരെ ഉപകാരപ്രദമായ രീതിയിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. ശ്രീ സെബി കൊടിയൻ പ്രസിണ്ടായ ഭരണസമിതിയുടെ നേതൃത്വത്തിൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ച് സംഘം ഇപ്പോൾ ക്ലാസ്സ് 1 നിലയിൽ എത്തിയിരിക്കുകയാണ്. |

## പുതുക്കാട് ടൗൺ കോ- ഓപ്പറേറ്റീവ് സൊസൈറ്റി NO. R. 1036.

1999 ൽ 1036 നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈസ്ഥാപനം ഇപ്പോൾ പുതുക്കാട് കാഞ്ഞൂർ റോഡിൽ സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു ശ്രീ. കെ. കെ. ഗോഖലെ പ്രസിഡണ്ടായുള്ള 13 അംഗ ഭരണസമിതിയാണ് നിലവിൽ ഭരണം നടത്തി വരുന്നത്. 8 ഗ്രാമപഞ്ചായത്തുകൾ പ്രവർത്തന പരിധിയുള്ള സംഘത്തിന് കോടാലി സെന്ററിൽ ഒരുബ്രാഞ്ച് പ്രവർത്തനം നടത്തി വരുന്നു.

13000 മെമ്പർമാരുള്ള സംഘത്തിന് കുറഞ്ഞ കാലയളവ് കൊണ്ട് തന്നെ വളരെ വിപുലമായ പ്രവർത്തനം കാഴ്ച വെയ്ക്കാൻ സാധിച്ചിട്ടുണ്ട് സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങിളിൽ ഒന്ന് ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് വായ്പ കൊടുത്ത് അവരെ സാമ്പത്തികമായി സമൂഹത്തിൽ ഉയർത്തി കൊണ്ട് വരിക എന്നതാണ്.

6 സ്ഥിരം ജീവനക്കാരടക്കം 17 ജീവനക്കാർ സംഘവുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.

# പട്ടികജാതി/ പട്ടികവർഗ്ഗം

| അന്ന് | ഇന്ന് |
|---|---|
| പുതുക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി ഉന്നമനത്തിന് JRY,IAY, RLEGP, MWS എന്നീ പദ്ധതികൾ ഉണ്ടായിരുന്നു. പട്ടികജാതി കോളനികളിൽ ശുദ്ധജലം എത്തിക്കാൻ സാധിച്ചിരുന്നില്ല. വേനൽകാലത്ത് കടുത്ത കുടിവെള്ള ക്ഷാമം ഉണ്ടായിരുന്നു. പട്ടികജാതി കോളനികളിൽ തുറന്ന കക്കൂസുകൾ ആണ് ഉപയോഗിച്ചിരുന്നത്. ആയത് ജലസ്രോതസ്സുകൾ മലിനമാകാൻ കാരണമായിരുന്നു. മുഴുവൻ പട്ടികജാതി കോളനികളിലും പ്രാഥമികവിദ്യാഭ്യാസം ഉണ്ടായിരുന്നില്ല. പത്ത് വാർഡുകളിലായി 13 കോളനികളും 470 കുടുംബങ്ങളും 2326 അംഗങ്ങളും (1146 പു.+ 1162 സ്ത്രീ) ഉണ്ടായിരുന്നു. എല്ലാ വീടുകളും വൈദ്യുതീകരിച്ചിരുന്നില്ല. ആരോഗ്യ വിദ്യാഭ്യാസ ആവശ്യത്തിനായിട്ടുള്ള അങ്കണവാടികൾ ഉണ്ടായിരുന്നില്ല. അന്ന് സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതി വിഭാഗക്കാർ ഉണ്ടായിരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നില്ല. | പുതുക്കാട് ഗ്രാമപഞ്ചായത്തിൽ 23 എസ് സി കോളനികളിലായി 434 കുടുംബങ്ങളും അതിൽ (895 സ്ത്രീ+ 782 പു.) ഉൾപ്പെടെ 1707 പേർ ഉണ്ട്. പഞ്ചായത്തിൽ ആകെ 1115 കുടുംബങ്ങൾ ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ വളരെയധികം മാറ്റങ്ങളും പുരോഗതിയും ആവിഷ്കരിച്ചിട്ടുണ്ട്. കോളനിയുടെ അടിസ്ഥാന വികസന സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. എല്ലാ എസ്. സി കോളനികളും വൈദ്യുതീകരിച്ചു. പുതിയ റോഡുകൾ നിർമ്മിക്കുകയും പഴയ റോഡുകൾ അറ്റകുറ്റപണി നടത്തുകയും ചെയ്തു. നിലവിൽ എല്ലാ വീടുകളിലും ടോയ്ലറ്റ് സൗകര്യം ഉണ്ട്. വിവാഹധന സഹായം, മിശ്രവിവാഹ ധനസഹായം, പഠനമുറി, ലാപ്ടോപ്പ്, പഠനോപകരണങ്ങൾ നൽകി വരുന്നു. |

# പട്ടികജാതി വികസനം

1999 –2000 ൽ ത്രിതല പഞ്ചായത്ത് സംവിധാനം വരുകയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് നിലവിൽ വരികയും ചെയ്തു. 2000ന് മുൻപ് താലൂക്ക് പട്ടികജാതി വികസന ഓഫീസ് മുഖാന്തരമാണ് പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. പ്രധാനമായും ഭൂമി,വീട് വിവാഹ ധനസഹായം എന്നിവയാണ് നൽകിയിരുന്നത്. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ്, ലംസംഗ്രാന്റ്, പാരലൽ കോളേജ് ധനസഹായം എന്നിവ ആ കാലഘട്ടത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖാന്തരമാണ് കൊടുത്തിരുന്നത്. 2010 ന് ശേഷം വിദ്യാഭ്യാസ മേഖലയിൽ 5,8 ക്ലാസ്സിൽ പഠിക്കുന്ന പാവപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് അയ്യങ്കാളി സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട്.



# പ്രധാനപ്പെട്ട പദ്ധതികൾ ബ്ലോക്ക് പട്ടികജാതി വികസന വിഭാഗം

1. വിവാഹ ധനസഹായം
2. മിശ്ര വിവാഹധനസഹായം
3. സ്വയം തൊഴിൽ വായ്പ
4. വിദേശത്തു ജോലിക്കു പോകുവാൻ ധനസഹായം
5. ചികിത്സാധനസഹായം
6. വാത്സല്യനിധി -2017 മുതൽ ( പട്ടിക ജാതി കുടുംബത്തിൽ പെൺകുട്ടി ജനിച്ചാൽ 9മാസത്തിനു മുൻപായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ

കൊടുക്കാം വരുമാനം 1 ലക്ഷം (3.5 ലക്ഷം രൂപയുടെ പരിരക്ഷ 18 വയസ്സാകു

ബോൾ)

സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ ഈ വിഭാഗത്തിന്റെ ജീവിതനിലവാരത്തിന് പല മാറ്റങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വീട്, സ്ഥലം എന്നിവ ഇനിയും ലഭിക്കേണ്ട കുടുംബങ്ങളുണ്ട്. കോളനി കൾക്ക് പുറമെ താമസ്സിക്കുന്നവർക്ക് കോളനികളിൽ ലഭിക്കുന്ന സൗകര്യങ്ങൾ ലഭിക്കാത്ത പ്രശ്നങ്ങളുണ്ട്. കാർഷിക മേഖലയിൽ ജോലി ചെയ്തിരുന്നവർ ഇന്ന് കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറിക്കൊണ്ടിരിക്കുന്നു.

# പട്ടികജാതി വികസനം

| Sl. No. | വർഷം | ഭവനം | ഭവന റിപ്പയർ | ഭൂമി നൽകിയത് | കക്കൂസ് | പഠനമുറി | മെറിറ്റോറിയസ് |
|---|---|---|---|---|---|---|---|
| 1. | 2005-6 മുതൽ 2007-08 വരെ | 23 | | | | | |
| 2. | 2008 - 09 | 9 | | | | | |
| 3. | 2009 - 10 | 17 | | | | | |
| 4. | 2010 -11 | 4 | | | | | |
| 5. | 2011 - 12 | 5 | | | | | |
| 6. | 2012 - 13 | 4 | | | 30 | | |
| 7. | 2013 - 14 | 3 | 14 | | 19 | | |
| 8. | 2014 - 15 | 4 | 11 | | 19 | | |
| 9. | 2015 - 16 | 6 | 7 | | 7 | | |
| 10. | 2016 - 17 | 15 | 9 | | | | |
| 11. | 2017 - 18 | 6 | | | | 7 | |
| 12. | 2018 - 19 | 2 | | | | 9 | 4 |
| 13. | 2019 - 20 | | | 3 | | 9 | 10 |
| 14. | 2020 - 21 | 7 | | 3 | | 9 | 18 |
| 15. | 2021 - 22 | 7 | | 6 | | 8 | |
| | | 98 | 55 | | 75 | 42 | |
| | 2022-23 | 28 | 53 | 1 | 15 | 8 | |
| | 2023-24 | 6 | 60 | 1 | 11 | | |

| | | |
|---|---|---|
| പഞ്ചായത്തിലെ മൊത്തം കുടുംബങ്ങൾ | – | 998 |
| Male | - | 1803 |
| Female | - | 1880 |
| മൊത്തം ജനങ്ങൾ | – | 3683 |

| | | |
|---|---|---|
| മൊത്തം കോളനികൾ | – | 23 |
| മൊത്തം കുടുംബങ്ങൾ | – | 434 |
| Male | - | 782 |
| Female | - | 895 |
| മൊത്തം ജനങ്ങൾ | – | 1677 |

| | | |
|---|---|---|
| പട്ടികജാതി സങ്കേതങ്ങൾ | – | 5 |
| ഏറ്റവും വലിയ കോളനി | – | രണ്ടാംകല്ല് S.C. കോളനി |
| മൊത്തം കുടുംബങ്ങൾ | – | 72 |
| Male | – | 149 |
| Female | - | 121 |
| മൊത്തം ജനങ്ങൾ | – | 270 |

| | | | |
|---|---|---|---|
| ഉന്നതവിദ്യാഭ്യാസം നേടിയവർ ( ഡിഗ്രിക്കു മുകളിൽ) | – | Male | – 60 |
| | | Female | – 80 |

കമ്മ്യൂണിറ്റി ഹാളുകൾ – 09

# ശുചിത്വം

## ടോയ്‌ലറ്റ്

**1. വ്യക്തിഗത ടോയ്‌ലറ്റ്** – ലൈഫ് ഗുണഭോക്തക്കളായ 10 പേർക്ക് വ്യക്തിഗത ടോയ്‌ലറ്റ് IHHL 10 എണ്ണം – 15,400/ രൂപ വീതം 10 പേർക്ക് കൊടുക്കാൻ സാധിച്ചു.

**2. ടോയ്‌ലറ്റ് പുനരുദ്ധാരണം–** ടോയ്‌ലറ്റ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് 9240/– രൂപ വെച്ച് 45 പേർക്ക് കൊടുക്കാൻ സാധിച്ചു.

## ഹരിതകർമ്മ സേന

പുതുക്കാട് ഗ്രാമപഞ്ചായത്തിലെ വീടുകളിലും, സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ്‌വസ്തുക്കൾ ശേഖരിച്ച് തരം തിരിച്ച് സംഭരിച്ച് പുനഃരുപയോഗത്തിനും പുനഃചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്ക്കരണം സംരംഭം മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിതകർമ്മ സേന. അജൈവ പാഴ്‌വസ്തുക്കൾ ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ ലഭിക്കുന്ന യൂസർഫി, ശേഖരിച്ച പാഴ്‌വസ്തുക്കൾ വിൽക്കപ്പെടുമ്പോൾ ലഭിക്കുന്ന തുക, പ്രകൃതി സൗഹൃദ സംരംഭങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ യൂണിറ്റ് നടത്തിപ്പ് തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന തുകയാണ് ഹരിതകർമ്മ സേനയുടെ പ്രധാന വരുമാനം. വരുമാനം കുറവുള്ള യൂണിറ്റുകൾക്ക് കുറവ് നികത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ടും പ്രയോജനപ്പെടുത്തി വരുന്നു.

പുതുക്കാട് ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലേക്കും ഓരോ വാർഡിൽനിന്നും 2 പേർ വീതം അങ്ങിനെ 30 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. അവർക്ക് യൂണിഫോം, ഐഡന്റിറ്റി കാർഡ്, ഗ്ലൗസ്സ്, മാസ്ക്,മുദ്രപതിപിച്ച ചാക്ക് എന്നിവയെല്ലാം നൽകിയിട്ടുണ്ട്. ജനങ്ങളുടെ അറിവിലേക്കായി നോട്ടീസും അച്ചടിച്ചു. വീടുകളിൽ യൂസർഫീ അടവാക്കുന്നതിനായി ഗ്രീൻ കാർഡ്, രസീത് ബുക്ക് മുതലായവയും ഏർപ്പാടാക്കി. 30 അംഗങ്ങളിൽ നിന്നും 4 ഗ്രൂപ്പ് തിരിച്ച് ഒരു കൺസോർഷ്യം രൂപീകരിച്ചു. കൺ സോർഷ്യത്തിൽ ഒരു പ്രസിഡന്റ്, സെക്രട്ടറി,ട്രഷറർ / ഗ്രീൻ സൂപ്പർ വൈസർ എന്നീ ഭാരവാഹികളെ നിയമിച്ചു. ഇവരുടെ കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങി  ഇവർക്ക് വീടുകളിൽ നിന്നും

ശേഖരിക്കുന്ന ജൈവ മാലിന്യ ശേഖരത്തിനുള്ള യുസർഫി ഇവരുടെ കൺസോർഷ്യത്തിൽ എല്ലാ മാസവും ഇവർ അടച്ചുവരുന്നു. യൂസർഫീയിൽ നിന്നും ഓരോ മാസവും 10% ഇവരുടെ മറ്റാവശ്യങ്ങൾക്കായി ഒരു കോർപ്പസ് ഫണ്ടും മാറ്റി വക്കുന്നുണ്ട്. ടി യൂസർഫിയിൽ നിന്നും ഇവരുടെ വേതനതുക തികയാതെ വരുന്നതിനാൽ ഹരിതകർമ്മ സേനക്ക് വയാബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പദ്ധതിയിലൂടെ ഇവർക്ക് മാസവേതനവും നൽകി വരുന്നു.ഇവർ കളക്ട് ചെയ്യുന്ന അജൈവ മാലിന്യം ശേഖരിക്കാൻ പഞ്ചായത്തിന്റെ വക ഒരു MCF ഉം ഉണ്ട്. ഇവർക്ക് വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കാൻ ഓരോ വാർഡിലേക്കും ഒരു മെറ്റൽ ട്രോളിയും വാങ്ങുന്നതിനുള്ള പദ്ധതി വച്ചിട്ടുണ്ട്. ഓരോ മാസവും കളക്ട് ചെയ്യുന്ന മാലിന്യം അളന്നു തിട്ടപ്പെടുത്താൻ ഒരു വെയിംങ്ങ് മെഷീനും വാങ്ങിയിട്ടുണ്ട്. ഇതുവരെ ഇത് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

